# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



**സെപ്റ്റംബർ 2021**

**പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാളിന്റെ ആശംസകൾ**



സെപ്റ്റംബർ 21 – ാം തീയതി

നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

**അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്**

രൂപതാകുടുംബത്തിന്റെ ആശംസകൾ



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 9

സെപ്റ്റംബർ 2021

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 9 സെപ്റ്റംബർ 2021



| | | |
|---|---|---|
| ഇടയലേഖനം | - | 3 |
| സർക്കുലർ | - | 12 |
| കച്ചേരിക്കാര്യം | - | 19 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 22 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 31 |
| അജപാലനോത്തേജനവിഭാഗം | - | 32 |
| വിശ്വാസജീവിതപരിശീലനരംഗം | - | 36 |
| ചെറുപുഷ്പ മിഷൻലീഗ് | - | 37 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 41 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 42 |
| കുടുംബപ്രേഷിതത്വം | - | 46 |
| മാതൃവേദി | - | 48 |
| നസ്രാണി റിസേർച്ച് സെന്റർ | - | 49 |
| മേരി മാതാ മൈനർ സെമിനാരി | - | 50 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 51 |
| സന്യസ്തർ | - | 54 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 62 |
| കത്തോലിക്കാകോൺഗ്രസ് | - | 66 |
| കെ.സി.എസ്.എൽ. | - | 69 |
| ഡി.സി.എം.എസ്. | - | 70 |
| ഫ്രാൻസിസ്കൻ അല്മായസഭ | - | 72 |
| വിൻസെൻഷ്യൻ വേദി | - | 73 |
| വിമല പബ്ലിക്കേഷൻസ് | - | 76 |
| Special Care Homes & Charitable institution | - | 77 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 79 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 81 |
| രൂപതാവാർത്തകൾ | - | 84 |
| Bishop’s Engagements | - | 88 |

Prot. No. 0923/2021

# ഇടയലേഖനം

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

'പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ'.

- ഫ്രാൻസിസ് മാർപാപ്പാ.

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധനക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ

കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃത രൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചുകൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാഅസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4-ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു

കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9-ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെതുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർസഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമല ബാർസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവ ത്രിക സഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (cum Petro et sub Petro) സഭാതലവനോടും രൂപതാ

മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934-ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് 'തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ്' എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (CCEO, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (SC, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (SC, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. 'അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്' (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖ ശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (DV, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു 'കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ' വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താ

രയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാനസ്വീകരണത്തിനു ശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (alter Christus et altera Ecclesia). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ

അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ 'കർത്താവിലേക്കു തിരിയുന്നതായി' (conversi ad Dominum) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. 'അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല' എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ

ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (editio typica) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28 -ാം തിയ്യതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരുമനസോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നത

കളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തി നായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.

+ George Alencherry

കർദിനാൾ ജോർജ് ആലഞ്ചേരി

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹിക മാധ്യമങ്ങ ളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

No: CL/No.02/2021

# സർക്കുലർ

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

കുടുംബം മുഖ്യ ചർച്ചാവിഷയമാക്കി കത്തോലിക്കാസഭയുടെ സിനഡ് 2014, 2015 വർഷങ്ങളിലായി റോമിൽ വച്ച് നടക്കുകയുണ്ടായി. ഈ സിനഡിന്റെ പഠനവിചിന്തനങ്ങളെ ക്രോഡീകരിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 2016 മാർച്ച് 19ന് പുറത്തിറക്കിയ, ലളിത സുന്ദരമായ സിനഡാനന്തര അപ്പസ്തോലിക പ്രബോധനമാണ് 'സ്നേഹത്തിന്റെ ആനന്ദം' (Amoris Laetitia). ആധുനിക ക്രൈസ്തവ കുടുംബങ്ങൾക്കുവേണ്ട എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും' സ്നേഹത്തിന്റെ ആനന്ദം' നൽകുന്നുണ്ട്. ഈ രേഖ പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാം വാർഷികദിനമായ 2021 മാർച്ച് 19-ന് ആരംഭിച്ച്, റോമിൽ നടക്കാൻ പോകുന്ന പത്താമത് ലോക കുടുംബസമ്മേളനം സമാപിക്കുന്ന 2022 ജൂൺ 26 വരെ നീണ്ടുനിൽക്കുന്ന 'കുടുംബവർഷം' പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കുടുംബം ജീവന്റെ ഇടമാണ്. ജീവൻ പിറക്കുകയും വളരുകയും ഫലംചൂടുകയും ചെയ്യുന്ന ദൈവത്തിന്റെ വയൽ. ഈ പുണ്യ ഇടത്തിൽ ജീവനുണ്ടാകുകയും അത് സമൃദ്ധമായി ഉണ്ടാകുകയും ചെയ്യുമ്പോഴാണ് മനുഷ്യവംശത്തിന് വളർച്ചയും തുടർച്ചയും ഉണ്ടാകുന്നത്. 'സജീവനായ മനുഷ്യനാണ് ദൈവത്തിന്റെ മഹത്വ'(ലിയോൺസിലെ വി. ഇരണേവൂസ്)മെങ്കിൽ മനുഷ്യജീവന്റെ സമൃദ്ധി ദൈവമഹത്വത്തിന്റെ അടയാളം കൂടിയാണ്.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ച് രൂപം നൽകുന്ന (ഉൽപ്പ 1, 27)

മനുഷ്യകുടുംബത്തിന്റെ ചരിത്രം, വെളിപാട് പുസ്തകത്തിൽ കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ (വെളി.19,7) പൂർത്തിയാകുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നു. കുടുംബത്തെ മാറ്റി നിർത്തി വിശ്വാസജീവിതമില്ല എന്നത് വ്യക്തമാണല്ലോ. എന്നാൽ കുടുംബം ക്രൈസ്തവ വിശ്വാസത്തിന്റെ മാത്രം വിഷയമല്ല. 'സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സംരക്ഷണം ലഭിക്കാൻ അവകാശമുള്ള, സമൂഹത്തിന്റെ സ്വാഭാവികവും അടിസ്ഥാനപരവുമായ ഘടകമാണ് കുടുംബം' എന്നാണ് മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള സാർവ്വത്രിക പ്രഖ്യാപനത്തിന്റെ പതിനാറാമത്തെ ആർട്ടിക്കിൾ കുടുംബത്തെ വ്യാഖ്യാനിക്കുന്നത്. –"കുടുംബം ക്രമമുള്ളതാണെങ്കിൽ രാഷ്ട്രവും ക്രമമുള്ളതായിരിക്കും. രാഷ്ട്രം ക്രമമുള്ളതാണെങ്കിൽ മനുഷ്യവംശമെന്ന മഹാസമൂഹം സമാധാനത്തിൽ ജീവിക്കും' എന്ന B.C. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചൈനീസ് തത്വജ്ഞാനിയായ ലൂ ബൂപെയ്യുടെ വാക്കുകൾ ശ്രദ്ധേയമാണ്. കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥമായ യുക്യാറ്റ് പഠിപ്പിക്കുന്നു (Y.C.370) 'രാഷ്ട്രത്തിന്റെ ക്ഷേമവും ഭാവിയും അതിലുള്ള ഏറ്റവും ചെറിയ ഘടകമായ കുടുംബത്തിന് ജീവിക്കാനും വികസിക്കാനുമുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു' എന്നു മാത്രമല്ല, കുടുംബത്തെ നിയമങ്ങൾ കൊണ്ട് കടന്നാക്രമിക്കാൻ പാടില്ലെന്നും സഹായം വഴി കുടുംബങ്ങളെ പിന്താങ്ങാനും അവയുടെ ഭൗതീകാവശ്യങ്ങൾ നിർവ്വഹിക്കാൻ അവയ്ക്ക് കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഓരോ രാഷ്ട്രത്തിനും കടമയുണ്ടെന്നും യൂക്യാറ്റ് വിശദീകരിക്കുന്നുണ്ട്. സഭയുടെ ഇത്തരം കുടുംബക്ഷേമ പ്രവർത്തനങ്ങളെ അവഹേളിക്കുകയും വിമർശിക്കുകയും ചെയ്യുന്നവരുടെ നിലപാടുകൾ അപലപനീയം എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇത്തരം എതിർപ്പുകൾക്ക് കുടുംബങ്ങളെക്കുറിച്ചുള്ള സഭയുടെ കരുതലിന് ഒട്ടും കുറവു വരുത്താൻ സാധിക്കുകയുമില്ല.

കുടുംബത്തെയും മാതൃത്വത്തെയും പിതൃത്വത്തെയും ഒക്കെ നാം വാഴ്ത്തിപ്പാടുമ്പോഴും കുടുംബത്തിൽ സ്ത്രീയുടെ, അമ്മയുടെ മഹനീയസ്ഥാനം വേണ്ടവിധം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അമ്മയാവുക എന്നത് സ്ത്രീയുടെ അനന്യമായ ഉത്തരവാദിത്വവും മഹത്വവും തന്നെയാണ്. നമ്മുടെ സമുദായത്തിന്റെ നിലനില്പുതന്നെ അപകടത്തിലാകുംവിധം ജനനനിരക്ക് കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കൂടുതൽ മക്കളുടെ അമ്മയാകുന്നത് ആദരിക്കപ്പെടേണ്ട കാര്യം തന്നെയാണ്. കുഞ്ഞിന്റെ ജനനം മൂലമാണ് ഒരു സ്ത്രീ അമ്മയാകുന്നത് എന്ന വസ്തുത നാം മറന്നു പോകരുത്. ആഘോഷിക്കപ്പെടുന്ന മാതൃത്വത്തിന് കാരണമാകുന്ന കുഞ്ഞിനെ ഒരു മാംസപിണ്ഡമായി മാത്രം കാണുന്ന കാഴ്ചപ്പാട് മാതൃത്വത്തോടും സ്ത്രീത്വത്തോടുമുള്ള തികഞ്ഞ അവഹേളനമാണ്. അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞ് അവളുടെ സംരക്ഷണത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന മനുഷ്യവ്യക്തിയാണ്. അത് അവളുടെ ഒരു അവയവമല്ല. അതിനാൽത്തന്നെ സ്ത്രീ സ്വാതന്ത്ര്യത്തിന്റെയോ പുരോഗമനചിന്തയുടെയോ മറ്റെന്തെങ്കിലും ന്യായീകരണങ്ങളുടെയോ പേരിൽ ഗർഭസ്ഥ ശിശുവിനെ വധിക്കുന്നവർ കൊലപാതകം തന്നെയാണ് ചെയ്യുന്നത്. ഏതെങ്കിലും തരത്തിൽ അതിനെ പിൻതുണയ്ക്കുകയോ പ്രോത്സാഹിപ്പിക്കുകയോ അതിൽ പങ്കാളികളാകുകയോ ചെയ്യുന്നവർ ദൈവതിരുമുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടവരുമാണ്.

അണ്ഡ ബീജസങ്കലനത്തോടെ മാതാപിതാക്കളിൽനിന്ന് വ്യത്യസ്തമായ മറ്റൊരു ശരീരവും DNAയും മനസ്സും ആത്മാവുമുള്ള പുതിയ ഒരു വ്യക്തി ജന്മമെടുത്തു കഴിഞ്ഞു. ആ ഏകകോശ ഭ്രൂണം അപ്പോൾത്തന്നെ മനുഷ്യനല്ലെങ്കിൽ പിന്നീടൊരിക്കലും അതിന് മനുഷ്യനാകാൻ സാദ്ധ്യവുമല്ല. ദൈവം മനുഷ്യാത്മാവിനെ ഭ്രൂണത്തിലേയ്ക്ക് സന്നിവേശിപ്പിക്കുന്ന ഈ ദിവ്യനിമിഷം മുതൽ ശരീരത്തിൽ

നിന്ന് ഈ ആത്മാവ് സ്വാഭാവികമായി വേർപെടുന്ന നിമിഷം വരെ (womb to tomb) മനുഷ്യജീവനെ അതിന്റെ പവിത്രതയിലും മൂല്യത്തിലും ഒട്ടും കുറവില്ലാതെ പരിരക്ഷിക്കണം എന്നു തന്നെയാണ് കത്തോലിക്കാസഭയുടെ മാറ്റമില്ലാത്ത നിലപാട്. ഒരു വ്യക്തിക്ക് മനുഷ്യനായിരിക്കുന്നതിനാൽ തന്നെ ഒരു മഹത്വമുണ്ട്. എല്ലാ മനുഷ്യരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും ദൈവത്താൽ നേരിട്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയാണ് ഈ മഹത്വത്തിന് ആധാരം. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ഈ മഹത്വം പുറമേനിന്ന് ആർക്കെങ്കിലും നൽകാവുന്നതോ നിഷേധിക്കാവുന്നതോ അല്ല.

ഉത്തമമാതൃകകൾ ഇല്ലാത്തതിനാൽ കുട്ടികളും യുവജനങ്ങളും വഴിതെറ്റിപ്പോകുന്നു എന്ന് വിലപിക്കുന്നവർ ഭ്രൂണഹത്യയും ഗർഭഛിദ്രവും അസന്മാർഗ്ഗികതകളും സിനിമകളിലും സമൂഹ മാദ്ധ്യമങ്ങളിലും ആഘോഷിക്കപ്പെടുമ്പോൾ അതിനെ പ്രോത്സാഹിപ്പിക്കുകയോ നിശ്ശബ്ദരായിരിക്കുകയോ ചെയ്യുമ്പോൾ സ്വയം കപടനാട്യക്കാരാവുകയാണ്. ഇത്ര ശേഷ്ഠമായ മനുഷ്യജീവന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ദൈവം ക്രമീകരിച്ചിരിക്കുന്ന സ്വാഭാവികവും ദൈവീകവുമായ സംവിധാനമാണ് കുടുംബം. മാതാപിതാക്കളും മക്കളും ഉത്തരവാദിത്വവും പരസ്പരസ്നേഹവും ബഹുമാനവുമുള്ളവരായി ദൈവത്തിൽ ആശ്രയിച്ച് സഭയോടൊത്ത് ജീവിക്കുമ്പോഴാണ് കുടുംബം അതിന്റെ യഥാർത്ഥ ലക്ഷ്യം പൂർത്തീകരിക്കുന്നത്.

ജീവനെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ദൈവിക പ്രവൃത്തി മനുഷ്യന്റെ സഹകരണത്തോടെയാണല്ലോ ദൈവം നിറവേറ്റുന്നത്. ഈ കുടുംബവർഷത്തിൽ കുടുംബത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കുമായി ജീവന്റെ സമൃദ്ധിയും പരിപോഷണവും നമുക്ക് ചിന്താവിഷയമാക്കാം. ജീവന്റെ സമൃദ്ധിയെ ഔദാര്യപൂർവ്വം സ്വീകരിച്ച കുടുംബങ്ങളെ അഭിനന്ദിക്കുകയും അവരുടെ ആവശ്യ

ങ്ങളിൽ കൈത്താങ്ങാവുകയും ചെയ്യുക എന്നത് സഭയുടെയും സമുദായത്തിന്റെയും നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമായി നാം കാണണം. ഈ കുടുംബവർഷത്തിൽ കൂടുതലായി എന്തു ചെയ്യാൻ സാധിക്കുമെന്ന് നമ്മുടെ രൂപതയിലെ വിവിധ അത്മായ-വൈദിക ആലോചനാസമിതികളിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ കുടുംബങ്ങൾക്കായി നിലവിലുള്ളവയ്ക്കുപുറമെ താഴെ പറയുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുകയാണ്.

1. നാലാമത്തേതു മുതലുള്ള കുട്ടികളുടെ ജനനത്തിൽ, പ്രസവസംബന്ധമായ ആശുപത്രിച്ചെലവുകളും ഈ കുട്ടികളുടെ വാക്സിനേഷനും രൂപതയുടെ നിയന്ത്രണത്തിലുള്ള മുണ്ടക്കയം MMT ആശുപത്രിയിൽ പൂർണ്ണമായും സൗജന്യമായിരിക്കും.
2. അഡ്മിഷൻ നേടുന്ന രൂപതാംഗങ്ങളായ നാലാമത്തേതുമുതലുള്ള കുട്ടികൾക്ക് MMT സ്കൂൾ ഓഫ് നേഴ്സിംഗിൽ സ്കോളർഷിപ്പ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.
3. കുട്ടികളുടെ വാക്സിനേഷനു വരുന്ന മാതാപിതാക്കൾക്ക് കൗൺസിലിംഗ്/പേരന്റൽ ഗൈഡൻസ് സൗകര്യം മുണ്ടക്കയം MMT ആശുപത്രിയിൽ ഉണ്ടായിരിക്കും.
4. കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഈ വർഷം മുതൽ Diocesan Scholarship ഏർപ്പെടുത്തുന്നതാണ്. ഈ സ്കോളർഷിപ്പിൽ പ്രസ്തുത കോളേജിൽ പഠിക്കുന്ന നാലാമത്തേതുമുതലുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.
5. ജോലിക്കുപോകുന്ന മാതാപിതാക്കളുടെ ചെറിയ കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപതയുടെ വിവിധ ഭാഗങ്ങളിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കുന്നതാണ്.

6. നമ്മുടെ യുവജനങ്ങളുടെ വിവാഹപ്രായം അനാരോഗ്യകരമാം വിധം ഉയർന്നു പോകുന്നതിലെ അപകടം കണക്കിലെടുത്തു കൊണ്ട് അനുയോജ്യമായ പ്രായത്തിൽ തന്നെ വിവാഹിതരാകാനുള്ള പ്രബോധനം യുവജനങ്ങൾക്ക് നൽകുന്നതാണ്. മാതാപിതാക്കളും അജപാലകരും ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

7. പ്രായം കടന്നുപോയതിനാൽ വിവാഹിതരാകാൻ സാധിക്കാത്തവരുടെ, പ്രത്യേകിച്ച് ഇങ്ങനെയുള്ള പുരുഷന്മാരുടെ കാര്യം സവിശേഷ ശ്രദ്ധ ആവശ്യമുള്ളതാണല്ലോ. നിലവിൽ ഇവരെ സംബന്ധിച്ചുള്ള ഒരു വിവരശേഖരണം നമ്മുടെ രൂപതയിൽ നടന്നുവരുന്നുണ്ട്. അത് വേഗം പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേകസഹകരണം അഭ്യർത്ഥിക്കുന്നു. ഈ വിവര ശേഖരണം പൂർത്തിയാകുമ്പോൾ അതിനെഅടിസ്ഥാനപ്പെടുത്തി അവർക്കുവേണ്ടിയുള്ള തുടർപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

8. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലുള്ളവർക്ക് വിദ്യാഭ്യാസ, ചികിത്സാ, ഭവനനിർമ്മാണ സഹായങ്ങൾ സമൃദ്ധി, ജീവൻ ദശാംശം, Dove, Save a family തുടങ്ങിയ പദ്ധതികളിലൂടെയും M.D.S., P.D.S., MMT Hospital, Corporate Management of Schools, Marian College, Amal Jyothi Engineering College തുടങ്ങിയ സംവിധാനങ്ങളിലൂടെയും ഇടവകകളിലൂടെയും വിവിധ സന്യാസ സമൂഹങ്ങളിലൂടെയും വിപുലമായ തോതിൽ നൽകി വരുന്നുണ്ട്. ഇവയ്ക്കു പുറമേ ഒരു സ്കോളർഷിപ്പ് പദ്ധതിക്കായുള്ള പ്രാരംഭ നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. പഠനോപകരണങ്ങൾ ഇല്ലാതെ വിഷമിക്കുന്ന കുട്ടികളെയും ഇതുവഴി സഹായിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

9. എന്തെങ്കിലും സാഹചര്യത്തിൽ മാതാവിനെയോ, പിതാവിനെയോ നഷ്ടപ്പെട്ടുപോയ കുട്ടികളുടെ ആവശ്യങ്ങൾക്കും മുൻഗണന നൽകുന്നതാണ്.

10. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും തൊഴിൽ ആഭിമുഖ്യ ങ്ങൾ കണ്ടെത്തി അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെ ടുക്കുവാൻ വിദഗ്ധമായ മാർഗദർശനങ്ങൾ ആവശ്യമാണല്ലോ. അതിന് സഹായിക്കുന്നതിനും തൊഴിലവസരങ്ങളെക്കുറിച്ചും ഗവൺമെന്റിന്റെ വിവിധ പദ്ധതികളെക്കുറിച്ചും യഥാസമയം വിദ്യാർത്ഥികളെയും യുവജനങ്ങളെയും അറിയിക്കുന്നതിനുമുള്ള ഒരു കേന്ദ്രസംവിധാനവും കർമ്മപദ്ധതിയും രൂപതാതലത്തിൽ ആരംഭിക്കുന്നതാണ്.

നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ നമ്മുടെ ഓരോ കുടുംബവും വിശുദ്ധിയും സന്തോഷവും നിറഞ്ഞതാകട്ടെ. ജീവനോടുള്ള ആദരവും ബഹുമാനവും ജീവദാതാവായ ദൈവത്തോ ടുള്ള ആദരവും ബഹുമാനവുമാണെന്ന് നമുക്ക് മറക്കാതിരിക്കാം. ജീവന്റെ സംരക്ഷണത്തിനും പരിപോഷണത്തിനുമുള്ള നമ്മുടെ പ്രവർത്തനങ്ങളെ ദൈവം ആശീർവദിക്കട്ടെ. തിരുക്കുടുംബത്തിലെ ഈശോ നമ്മുടെ കുടുംബത്തിന്റെ പ്രകാശവും ജീവനുമായിരിക്ക ട്ടെ. പരിശുദ്ധ കന്യാകാമറിയവും മാർ യൗസേപ്പ് പിതാവും നമുക്ക് മദ്ധ്യസ്ഥരായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

കാഞ്ഞിരപ്പള്ളി
19-08-2021

# കച്ചേരിക്കാര്യം

### 1. എട്ടുനോമ്പ്

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ 1-ാം തീയതി മുതൽ 8-ാം തീയതി വരെ വർഷം തോറും നടത്തിവരുന്ന എട്ടുനോമ്പാചരണം യഥാവിധി അനുഷ്ഠിക്കുവാൻ എല്ലാ ഇടവകകളിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വേണ്ടതു ചെയ്യേണ്ടതാണ്.

### 2. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

പൗരസ്ത്യസഭകളിലെ പ്രധാനപ്പെട്ട തിരുനാളുകളിലൊന്നായ വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെപ്റ്റംബർ 14-ാം തീയതിയാണ് ആഘോഷിക്കുന്നത്. ഈ തിരുനാളിന്റെ പ്രസക്തിയെക്കുറിച്ച് വിശ്വാസികളെ അറിയിക്കുകയും സമുചിതമായി തിരുനാൾ ആഘോഷിക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

### 3. വി. മത്തായി ശ്ലീഹായുടെ തിരുനാൾ

സെപ്റ്റംബർ 21-ാം തീയതി വി. മത്തായി ശ്ലീഹായുടെ തിരുനാളാണ്. മാത്യു നാമധാരിയായ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിനെയും വൈദികന്മാരേയും അന്നേദിവസം പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

### 4. Appointments & Transfers

**Rev. Frs.**

| | | |
|---|---|---|
| Varickamackal Jose | - | Vicar, Kannimala |
| Puthumana Mathew | - | Vicar, Palapra |
| Mundiyanickal Thomas | - | Vicar, Ranni and Manager, Citadel School, Ranni |

| | | |
|---|---|---|
| Kodimarathummoottil Jacob | - | Vicar, Tharakanattukunnu |
| Thuruthipallil Thomas | - | Vicar in charge, Koratty Old |
| Ponganthanathu Joseph | - | Vicar, Kuttikkanam |
| Narippara Mathew | - | Vicar, Kozhencherry |
| Parinthirickal Thomas | - | Asst. Director, Sahiyadri Ayurveda and Secretary to Mar Mathew Arackal |
| Njallimackal Varghese | - | Asst. Director, MMT Hospital, Mundakayam |
| Nellimalamattathil Joseph | - | Forane Director, Family Apostolate, Anakkara |
| Valiyakunnathu Jose | - | Forane Director, Family Apostolate, Peruvanthanam |
| Kuzhikkattu George | - | Forane Director, Family Apostolate, Erumely |
| Thekkemury Thomas | - | Forane Director, INFARM, Kumily |
| Mathiyathu John | - | Forane Director, INFARM, Ponkunnam |

**Relieved**

**Rev. Frs.**

| | | |
|---|---|---|
| Ambazhathinal Kuriakose | - | Vicar, Ranni and Manager, Citadel School, Ranni, Service lent to Eparchy of Great Britain |
| Pandiyamparambil Jacob | - | Vicar, Kannimala, (on medical leave) |
| Vadakkemury Sebastian | - | Vicar in Charge, Tharakanattukunnu |
| Narippara Mathew | - | Director of Hostels, Marian College Kuttikkanam |

| | | |
|---|---|---|
| Parinthirickal Thomas | - | Vicar, Kozhencherry |
| Njallimackal Varghese | - | Asst. Director, Sahiyadri Ayurveda and Secretary to Mar Mathew Arackal |
| Palakudy Martin | - | Forane Director, Family Apostolate, Peruvanthanam |
| Ponganthanathu Joseph | - | Forane Director, Family Apostolate, Anakkara |
| Kulampallil Varghese | - | Forane Director, INFARM, Ponkunnam |
| Thoompunkal Devasia | - | Forane Director, INFARM, Kumily |

## വൈദികരുടെ വാർഷികധ്യാനം ഓൺലൈനിൽ

കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം ഓൺലൈനിലാണ് നടത്തുന്നത്. 2021 സെപ്റ്റംബർ 26–ാം തീയതി ഞായർ മുതൽ ഒക്ടോബർ 1–ാം തീയതി വെള്ളി വരെയാണ് ധ്യാനം. അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്കാടൻ പിതാവാണ് ധ്യാനം നയിക്കുന്നത്. മറ്റു വിശദീകരണങ്ങൾ പിന്നീട് നൽകുന്നതാണ്.



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## ദൈവപുത്രത്വവും പരിശുദ്ധിയും

### (തിരുവചനഭാഗം: 1 യോഹ 3,1–24)

ക്രിസ്തീയജീവിതം ദൈവമക്കൾക്കടുത്ത ജീവിതമാണ്. ദൈവമക്കളുടെ ജീവിതം അവശ്യം പരിശുദ്ധിയുടെയും സഹോദരസ്നേഹത്തിന്റെയും ജീവിതമാണ്. ഇതാണ് ഈ വചനഭാഗം വ്യക്തമാക്കുന്നത്. ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവപുത്രത്വവും ദൈവദർശനവും (3,1–2)
2. ദൈവപുത്രത്വവും പരിശുദ്ധിയും (3,3–10)
3. ദൈവപുത്രത്വവും പരസ്പരസ്നേഹവും (3,11–15)
4. മിശിഹായുടെ സ്നേഹം: സ്നേഹത്തിനു മാതൃക (3,16–18)
5. സ്നേഹവും ആത്മധൈര്യവും (3,19–24)

ഈ വചനഭാഗം നല്കുന്ന ആദ്ധ്യാത്മിക സന്ദേശങ്ങൾ എപ്രകാരം പുരോഹിതരുടെ അജപാലനശുശ്രൂഷയ്ക്കു പ്രസക്തമാണെന്നുള്ളത് ഇപ്രാവശ്യം നമുക്കു വിചിന്തനത്തിനു വിധേയമാക്കാം.

**1. ദൈവപുത്രത്വവും ദൈവദർശനവും**

*"കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും. ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടുത്തെ അറിഞ്ഞിട്ടില്ല. പ്രിയപ്പെട്ടവരെ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടി*

*ല്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും.അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയുംചെയ്യും*" (3,1-2).

തന്നിൽ വിശ്വസിക്കുന്നവർക്കു ഈശോ നല്കുന്ന ഏറ്റം വലിയ ദാനമാണ് ദൈവപുത്രത്വം (യോഹ 1,12-13). അതു ദൈവസ്നേഹത്തിന്റെ ദാനമായി യോഹന്നാൻശ്ലീഹാ ഇവിടെ ചിത്രീകരിക്കുന്നു: "കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മേടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും. ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടുത്തെ അറിഞ്ഞിട്ടില്ല" (3,1). ഇവിടെ ദൈവം 'സ്നേഹം കാണിച്ചത്' എന്നു വിവർത്തനം ചെയ്തിരിക്കുന്നതു ഗ്രീക്കുമൂലഭാഷയിൽ 'സ്നേഹം തന്നത്' എന്നർത്ഥം വരുന്ന 'ദേദൊക്കെൻ' എന്ന പദമാണ്. നമ്മോടുള്ള സ്നേഹപൂർവ്വകമായ ഒരു മനോഭാവത്തിൽ ഒതുങ്ങിനിൽക്കുന്നതല്ല ദൈവത്തിന്റെ സ്നേഹം. സ്നേഹംതന്നെയായ ദൈവത്തിന്റെ ജീവനിലുള്ള പങ്കാളിത്തമാണ് ദൈവം നമുക്കു നല്കുന്ന സ്നേഹം. ഈ ദൈവപുത്രത്വം ഈ ലോകത്തിലാണ് നാം ജീവിക്കേണ്ടത്. എന്നാൽ അത് എളുപ്പമല്ല. കാരണം, ദൈവത്തെ അറിയാത്ത ലോകത്തിനു ദൈവമക്കളെയും അറിയുവാൻ കഴിയുകയില്ല. ദൈവത്തെ അറിയുക എന്നതുകൊണ്ടുദ്ദേശിക്കുന്നതു ദൈവവുമായുള്ള ഐക്യത്തിൽ ജീവിക്കുക എന്നാണ്. മനുഷ്യർ ദൈവത്തിൽ വിശ്വസിക്കാത്തതുകൊണ്ടും ദൈവൈക്യത്തിൽ ജീവിക്കാത്തതുകൊണ്ടും, ദൈവമക്കളെ അവരായിരിക്കുന്നതുപോലെ തിരിച്ചറിയുവാൻ അവർക്കു സാധിക്കുകയില്ല. എങ്കിലും മാമ്മോദീസായിലൂടെ നമുക്കു ലഭിച്ച ദൈവമക്കൾക്കടുത്ത നമ്മുടെ വ്യക്തിത്വത്തെപ്പറ്റിയുള്ള അവബോധത്തോടെ ജീവിക്കുവാൻ നാം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം.

ഈ ലോകത്തിന്റെ എതിർപ്പുകളെ അതിജീവിച്ച് ദൈവപുത്രത്വം ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്, അതിന്റെ അന്ത്യാത്മകസ്വഭാവമാണ്. അതെപ്പറ്റിയാണ് യോഹന്നാൻശ്ലീഹാ രണ്ടാം വാക്യത്തിൽ പറയുന്നത്: "പ്രിയപ്പെട്ടവരെ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല.

എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയുംചെയ്യും" (3,2). മിശിഹാസാദൃശ്യവും മിശിഹാദർശനവുമാണ് ദൈവപുത്രത്വത്തിന്റെ അന്ത്യാത്മക സ്ഥിതി വിശേഷമായി യോഹന്നാൻശ്ലീഹാ എടുത്തുകാണിക്കുന്നത്. മിശിഹായുടെ സാദൃശ്യത്തിലേക്കുള്ള നമ്മുടെ രൂപാന്തരപ്പെടലിനെപ്പറ്റി പുതിയനിയമത്തിൽ പലയിടത്തും പരാമർശമുണ്ട് (റോമാ 8,29; 2 കൊറി 3,18; കൊളോ 3,4). മിശിഹാ ദൈവത്തിന്റെ സ്വയാവിഷ്കാരമായതുകൊണ്ട് മിശിഹായോടുള്ള സാദൃശ്യം ദൈവത്തോടുള്ള സാദൃശ്യമാണ്. അതുപോലെതന്നെ 'മിശിഹാദർശനം' ദൈവവുമായുള്ള മുഖാഭിമുഖദർശനമാണ്. ഇതു ദൈവൈക്യത്തിന്റെ സ്വർഗ്ഗീയാനുഭവമാണ്. അതുകൊണ്ട് ക്രൈസ്തവജീവിത്തിൽ 'ദൈവപുത്രത്വം' ജീവിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുവാനും അതു ജീവിക്കുവാൻ അവരെ പരിശീലിപ്പിക്കുവാനും അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**2. ദൈവപുത്രത്വവും പരിശുദ്ധിയും**

"*ഈ പ്രത്യാശയുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ വിശുദ്ധനാക്കുന്നു...ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം, ദൈവചൈതന്യം അവനിൽ വസിക്കുന്നു*" (3,3.9).

ദൈവമക്കളുടെ കുടുംബമാണ് സഭ. സഭയെ പലപ്പോഴും പലരും ഒരു മതമായിട്ടാണ് കാണുന്നത്. പലമതങ്ങളുടെ മദ്ധ്യേ ജീവിക്കുന്നതുകൊണ്ട് അപ്രകാരം സഭയെ കാണുന്നതും വിശേഷിപ്പിക്കുന്നതും സ്വാഭാവികമാണ്. എന്നാൽ സഭയുടെ തനിമ, അതു ഒരു കുടുംബമാണ് എന്നുള്ളതാണ്. പിതാവായ ദൈവത്തിന്റെ മക്കളുടെ കുടുംബം. ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലും ദൈവമക്കളായ സഭാംഗങ്ങൾ തമ്മിലുള്ള സാഹോദര്യബന്ധത്തിലും, അതായത്, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്ന ഒരു സമൂഹം. മിശിഹാശിഷ്യരുടെ സമൂഹമായി സഭയെ ലോകം അഥവാ മനുഷ്യർ തിരിച്ചറിയുവാനുള്ള മാനദണ്ഡമായി ഈശോ അവതരിപ്പിച്ചതും കുടുംബാരൂപിയിലുള്ള ഈ സ്നേഹമാണ്. "നിങ്ങൾക്കു പര

സ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35). മതപരമായ താത്പ ര്യങ്ങൾക്കു മുൻതൂക്കം കൊടുക്കുമ്പോൾ, അത് ഈ കുടുംബാരൂപി ജീവിക്കുന്നതിന് തടസ്സമായിത്തീരും. അജപാലനശുശ്രൂഷയിൽ പുരോ ഹിതർ ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട വസ്തുതയാണിത്.

ദൈവമക്കളുടെ കുടുംബമായ സഭയുടെ മുഖമുദ്രയായി യോഹ ന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത് പരിശുദ്ധിയാണ്. "ഈ പ്രത്യാശ യുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെതന്നെ വിശുദ്ധനാക്കുന്നു'' (3,3). പാപം ചെയ്യുന്നവൻ യഥാർത്ഥക്രി സ്ത്യാനിയല്ല എന്നാണ് ശ്ലീഹാ പറയുന്നത്. "അവനിൽ വസിക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവനെ കണ്ടിട്ടുമില്ല; അറിഞ്ഞിട്ടുമില്ല" (1യോഹ 3,6). 'പാപം' എന്ന വാക്ക് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിലും ലേഖനത്തിലും കൂടു തലും ഉപയോഗിക്കുന്നത് ഏകവചനത്തിലാണ്. അതും '*the* sin' എന്നാണ്. പാപത്തിനു യോഹന്നാൻശ്ലീഹാ ഉപയോഗിക്കുന്ന ഗ്രീക്കു വാക്ക് 'ഹമാർത്തിയ' എന്നതാണ്. അമ്പെയ്യുമ്പോൾ ലക്ഷ്യംതെറ്റു ന്നതിനാണ് ഈ വാക്കു ഗ്രീക്കിൽ ഉപയോഗിക്കുക. ദൈവമാകുന്ന ജീവിതലക്ഷ്യത്തിൽനിന്നും മനുഷ്യൻ വ്യതിചലിക്കുന്ന അവസ്ഥാ വിശേഷമാണ് പാപം. പാപത്തിനു പല രൂപഭാവങ്ങളുണ്ടാകാം. പക്ഷേ പാപത്തിന്റെ അടിസ്ഥാനരൂപം 'വിശ്വാസമില്ലായ്മ'യാണ്: "ഞാൻ ഞാൻതന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപ ത്തിൽ മരിക്കും" (യോഹ 8,24). എല്ലാ പാപങ്ങളുടെയും അടിസ്ഥാ നകാരണം വിശ്വാസമില്ലായ്മ അഥവാ സ്നേഹമില്ലായ്മയാണ്. ദൈവ മക്കളുടെ പാപമില്ലായ്മയുടെ കാരണവും ഇതോടൊപ്പം സൂചിപ്പിക്കു ന്നുണ്ട്: "കാരണം ദൈവചൈതന്യം അവനിൽ വസിക്കുന്നു" (3,9). ദൈവാരൂപിയാൽ സജീവമാക്കപ്പെട്ട ദൈവവചനം നമ്മിലുണ്ടെങ്കിൽ നമുക്കു പാപം ചെയ്യാതെ പരിശുദ്ധരായ ദൈവമക്കളായി ജീവിക്കു വാൻ കഴിയും. ഇപ്രകാരം ജീവിക്കുവാനാണ് അജഗണങ്ങളെ അജ പാലകർ പരിശീലിപ്പിക്കേണ്ടത്.

**3. ദൈവപുത്രത്വവും പരസ്നേഹവും**

*"ആദിമുതലേ നിങ്ങൾകേട്ടിരിക്കുന്ന സന്ദേശം ഇതാണ്: നാം*

*പരസ്പരം സ്നേഹിക്കണം... സഹോദരരെ സ്നേഹിക്കുന്നതു കൊണ്ടു നമ്മൾ മരണത്തിൽനിന്നും ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നാമറിയുന്നു; സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലകൊള്ളുന്നു. സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ"* (3,11.14-15).

പരസ്പരം സ്നേഹിക്കണമെന്നുള്ള കല്പന സുവിശേഷം തന്നെയായിട്ടാണ് യോഹന്നാൻശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്: "ആദിമുതലേ നിങ്ങൾ കേട്ടിരിക്കുന്ന സന്ദേശം ഇതാണ്: നാം പരസ്പരം സ്നേഹിക്കണം" (3,11). സഭാംഗങ്ങൾ സ്വീകരിച്ച സുവിശേഷം പരസ്നേഹത്തിന്റെ കല്പന ഉൾക്കൊള്ളുന്നതായിരുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. 'ആദിമുതലേ' എന്ന പദപ്രയോഗം സഭയുടെ ആരംഭത്തെ കുറിക്കുന്നതാണ്. ഈ പദം ഇതിനുമുമ്പ് 1,5 ൽ ലേഖനകർത്താവ് ഉപയോഗിച്ചിട്ടുണ്ട്. അവിടെ 'ദൈവം പ്രകാശമാണ്' എന്നതാണ് സന്ദേശമായി അവതരിപ്പിക്കുക. സ്നേഹത്തിന്റെ ഭാഷയിലുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് 'ദൈവം പ്രകാശമാണ്' എന്നതിന്റെ അർത്ഥം. അതുകൊണ്ട് പരസ്പരസ്നേഹം ദൈവത്തിന്റെ സുവിശേഷത്തിന്റെ അവശ്യഘടകമാണ്. സ്നേഹത്തിന്റെ ഈ സുവിശേഷസന്ദേശം അവതരിപ്പിക്കുന്നതോടൊപ്പം ഇതിനു കടകവിരുദ്ധമായ വിദ്വേഷവും ഇവിടെ അവതരിപ്പിക്കുന്നുണ്ട് (3,12). പൈശാചികസ്വഭാവമുള്ള സഹോദരവിദ്വേഷം കായേന്റെ ഉദാഹരണത്തിലൂടെ ഇവിടെ അവതരിപ്പിക്കുന്നു. സ്നേഹിക്കുന്ന ദൈവമക്കളും ദ്വേഷിക്കുന്ന പൈശാചികമക്കളും തമ്മിലുള്ള വൈരുദ്ധ്യം ആദ്യപാപത്തിൽത്തന്നെ പ്രകടമായി. സ്നേഹം പരിശുദ്ധിയുടെയും വിദ്വേഷം തിന്മയുടെയും പ്രകാശനമാണ്.

വിദ്വേഷം ലോകസഹജമാണ്. 'ലോകം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വസിക്കാത്ത ലോകത്തെയാണ്. വിശ്വസിക്കാത്ത ലോകത്തിന്റെ പ്രത്യേകത വിദ്വേഷമാണെങ്കിൽ, വിശ്വസിക്കുന്ന സമൂഹത്തിന്റെ പ്രത്യേകത സ്നേഹമാണ്. സഹോദരസ്നേഹം ജീവന്റെ അടയാളവും സ്നേഹമില്ലായ്മ മരണത്തിന്റെ അടയാളവുമാണ്. ക്രൈസ്തവവിശ്വാസത്തിലേക്കു പ്രവേശിച്ചതിലൂടെയാണ്, അതിന്റെ

മുഖമുദ്രയായ സഹോദരസ്നേഹത്തിലേക്കും അതിലൂടെ നിത്യജീവനിലേക്കും അവർ കടന്നുവന്നത് എന്ന് വിശ്വാസികളെ യോഹന്നാൻശ്ലീഹാ അനുസ്മരിപ്പിക്കുന്നു. "മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദപ്രയോഗത്തിനു 'ഒരനുഭവത്തിലേക്കു പ്രവേശിച്ച് അതിൽ നിലനിൽക്കുന്നു'എന്ന അർത്ഥമാണുള്ളത്, അതായത് മരണത്തിന്റെ അടിമത്തത്തിൽനിന്നും മാമ്മോദീസായിലൂടെ ഒരുവൻ ജീവനിലേക്കു പ്രവേശിക്കുകയും അതിൽ നിലനിൽക്കുകയും ചെയ്യുന്നു എന്നാണ് ഇതർത്ഥമാക്കുന്നത്. അതുകൊണ്ട് നിത്യജീവൻ സ്വന്തമാക്കാമെന്ന പ്രത്യാശയോടെ പരസ്പരം സ്നേഹിക്കുവാൻ അജപാലകർ ഇടവകാംഗങ്ങൾക്കു പ്രചോദനവും പ്രേരണയും നല്കണം.

**4. മിശിഹായുടെ സ്നേഹം: സ്നേഹത്തിനു മാതൃക**

"*മിശിഹാ സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്നു സ്നേഹം എന്തെന്നു നാമറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു. ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്*" (3,16-18).

സ്നേഹവും വിദ്വേഷവും തമ്മിലുള്ള വ്യത്യാസവും അവയുടെ അനന്തരഫലങ്ങളും വ്യക്തമാക്കിയതിനുശേഷം ക്രിസ്തീയസ്നേഹത്തിന്റെ തനിമ ശ്ലീഹാ എടുത്തുകാണിക്കുന്നു. മിശിഹായുടെ രക്ഷാകരമരണമാണ് ക്രിസ്തീയസ്നേഹത്തിന്റെ തനിമ വെളിപ്പെടുത്തുന്നത്. സഹോദരങ്ങൾക്കുവേണ്ടി സ്വന്തം ജീവൻ പോലും ത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്ന സ്നേഹമാണ് ക്രിസ്തീയസ്നേഹം. ഇതു വെറും നൈയ്യാമികമായ ഒരു കടപ്പാടല്ല. ദൈവത്തിന്റെ സ്നേഹം മിശിഹായിലൂടെ നാം അനുഭവിക്കുമ്പോൾ ആ സ്നേഹം സഹോദരരുമായി പങ്കുവയ്ക്കുവാൻ നമുക്ക് അനുഭവപ്പെടുന്ന ആന്തരിക നിർബന്ധമാണ്. മിശിഹായിലൂടെ ദൈവത്തിന്റെ അരൂപിയെ സ്വീകരിച്ചുകൊണ്ടാണ് മിശിഹാ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കു

വാൻ നാം ശക്തിയാർജ്ജിക്കുന്നത്. അതുകൊണ്ട് മിശിഹായുടെ അരൂപിയെ നമുക്കു നല്കുന്ന കുർബ്ബാനാനുഭവത്തിലൂടെയും പ്രാർത്ഥനാനുഭവത്തിലൂടെയും അരൂപിയിൽ നവീകരിക്കപ്പെട്ടാൽമാത്രമേ മിശിഹാ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ.

വാക്കിലും സംസാരത്തിലുമല്ല പ്രവൃത്തിയിലും സത്യത്തിലുമാണ് സ്നേഹിക്കേണ്ടതെന്നു യോഹന്നാൻ ശ്ലീഹാ ഓർമ്മിപ്പിക്കുന്നു: "കുഞ്ഞുമക്കളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്" (3,18). ഇവിടെ 'സംസാരം' എന്നതിന് ഉപയോഗിച്ചിരിക്കുന്നത്, 'നാവ്' എന്നർത്ഥം വരുന്ന 'ഗ്ളോസ്സാ' എന്ന ഗ്രീക്കുപദമാണ്. ഇതിനു സമാന്തരമായിട്ടാണ് പ്രവൃത്തിയിലും സത്യത്തിലുമാണ് നാം സ്നേഹിക്കേണ്ടതെന്നു പറയുന്നത്. ഇവിടെ സത്യം എന്നുപറയുന്നത്, ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട സത്യമാണ്. ഈ സത്യമാണല്ലോ നാം വിശ്വാസത്തിലൂടെ ഹൃദയത്തിൽ ഏറ്റുവാങ്ങുന്നത്. നാവിൽനിന്നും വാക്കുകൾ പുറപ്പെടുന്നതുപോലെ, ഹൃദയത്തിൽ കുടികൊള്ളുന്ന വിശ്വാസത്തിൽനിന്നുമാണ് സ്നേഹത്തിന്റെ പ്രവൃത്തികൾ പുറപ്പെടേണ്ടത്.

**5. സ്നേഹവും ആത്മധൈര്യവും**

"*ഇതുമൂലം നമ്മൾ സത്യത്തിൽനിന്നുള്ളവരാണെന്നു നാം അറിയുന്നു. നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നെങ്കിൽത്തന്നെ, ദൈവം നമ്മുടെ ഹൃദയത്തേക്കാൾ വലിയവനും എല്ലാം അറിയുന്നവനുമാകയാൽ, അവിടുത്തെ സന്നിധിയിൽ നാം സമാധാനം കണ്ടെത്തും. പ്രിയപ്പെട്ടവരെ, ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ നമുക്ക് ആത്മധൈര്യമുണ്ട്*" (3,19-21).

'സ്നേഹം' നമ്മൾ സത്യത്തിൽ നിന്നുള്ളവരാണെന്നതിന്റെ മാനദണ്ഡമാണ്. 'സത്യത്തിൽ നിന്നുള്ളവർ' എന്നതിന്റെ അർത്ഥം, വിശ്വാസത്തിലൂടെ ദൈവവചനത്താൽ നയിക്കപ്പെടുന്നവർ എന്നാണ്. അങ്ങനെയുള്ളവർ യഥാർത്ഥ സ്നേഹത്തിന്റെ ഉടമകളായിരിക്കും. അപ്രകാരമുള്ള സ്നേഹം നാം ദൈവൈക്യത്തിലാണെന്ന് നമുക്ക് ഉറപ്പുതരുന്നു. ഈ ഉറപ്പ് ദൈവത്തിന്റെ മുൻപിൽ നമുക്ക് ആത്മധൈ

ര്യവും അവിടുത്തെ സന്നിധിയിൽ സമാധാനവും നൽകും (3,20-21). അന്ത്യാത്മകമായ ആത്മധൈര്യമാണ് ഇവിടെ പരാമർശിക്കുന്നത്. മരണാനന്തരമുള്ള വിധിയുടെ പശ്ചാത്തലത്തിലുള്ള ആത്മധൈര്യമാണ് ഇവിടെ വിവക്ഷ: “വിധിദിനത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്നാൽ, ഈ ലോകത്തിൽത്തന്നെ നാം അവനെപ്പോലെ ആയിരിക്കുന്നു” (1 യോഹ 4,17). വിശ്വാസത്തിൽ നിന്നുമുളവാകുന്ന സ്നേഹത്തിന്റെ ജീവിതമാണ് ഹൃദയം നമ്മെ കുറ്റപ്പെടുത്താത്ത അവസ്ഥ നമ്മിൽ സൃഷ്ടിക്കുന്നതും, അതിന്റെ ഫലമായി ദൈവത്തിന്റെ മുമ്പിൽ നമുക്ക് ആത്മധൈര്യം നൽകുന്നതും.

വിശ്വസിക്കാനും സ്നേഹിക്കാനുമുള്ള കല്പന വീണ്ടും ഇവിടെ ആവർത്തിക്കുന്നുണ്ട്: “അവിടുത്ത പുത്രനായ ഈശോയുടെ നാമത്തിൽ നാം വിശ്വസിക്കുകയും അവൻ നമ്മോടു കല്പിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കുകയും ചെയ്യണം; ഇതാണ് അവന്റെ കല്പന. അവന്റെ കല്പനകൾ അനുസരിക്കുന്ന ഏവനും അവനിൽ വസിക്കുന്നു; അവൻ കല്പനകൾ പാലിക്കുന്നവനിലും. അവൻ നമുക്കു നൽകിയിരിക്കുന്ന ആത്മാവുമൂലം അവൻ നമ്മിൽ വസിക്കുന്നെന്നു നാമറിയുകയും ചെയ്യുന്നു” (3,23-24). സ്നേഹിക്കുവാനുള്ള കല്പനയോടുകൂടി വിശ്വസിക്കുവാനുള്ള കല്പന കൂടി ചേർക്കുന്നത് പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കാരണം ക്രിസ്തീയസ്നേഹം വിശ്വാസവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഈശോ ദൈവപുത്രനാണെന്ന വിശ്വസിക്കുന്നവൻ, മനുഷ്യനോടുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിലാണു വിശ്വസിക്കുന്നത്. കാരണം, തന്റെ പുത്രനെ മനുഷ്യരക്ഷക്കായി നൽകിയത് ദൈവത്തിന്റെ രക്ഷാകര സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു: “അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം” (1യോഹ 4,10). അതുകൊണ്ടു ദൈവത്തിന്റെ പുത്രനായ ഈശോയുടെ നാമത്തിൽ വിശ്വസിക്കുന്നയാൾ ദൈവത്തിന്റെ രക്ഷാകരസ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിന് പ്രതിസ്നേഹം കൊടുക്കുവാൻ നിർബന്ധിതനാകും. ഈ പ്രതിസ്നേഹത്തിന്റെ അവശ്യഘടകമാണ് സഹോദരസ്നേഹം. അതുകൊണ്ട് സ്നേഹത്തിന്റെ കല്പന വിശ്വാസത്തി

ന്റെയും കല്പനയാണ്. വിശ്വാസത്തിന്റെ കല്പന സ്നേഹത്തിന്റെയും, ഇപ്രകാരം വിശ്വസിക്കുന്നവരും സ്നേഹിക്കുന്നവരുമായിത്തീരുന്ന ഒരു സമൂഹത്തെയാണ് അജപാലകർ തങ്ങളുടെ സഭാശുശ്രൂഷയിലൂടെ രൂപപ്പെടുത്തേണ്ടത്.

**ജീവിതസൂചിക**

1. മാമ്മോദീസായിലൂടെ നമുക്കു നല്കപ്പെട്ട ദൈവപുത്രത്വം അതിന്റെ തനിമയിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

2. പരിശുദ്ധരായ ദൈവമക്കളായി കുടുംബാരൂപിയിൽ ജീവിക്കുവാൻ ഞാൻ ജനങ്ങളെ എങ്ങനെ പരിശീലിപ്പിക്കുന്നു?

3. പരസ്പരസ്നേഹത്തിന്റെ സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി ഇടവകയെ രൂപപ്പെടുത്തുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

4. പരിശുദ്ധ കുർബ്ബാനയിലും സഭയുടെ പ്രാർത്ഥനകളിലും സജീവമായി പങ്കുചേർന്ന് അരൂപിയിൽ ശക്തിപ്രാപിച്ച് പരസ്പരം സ്നേഹിക്കുവാൻ കഴിയുംവിധം ആരാധനാകർമ്മങ്ങൾക്കു നേതൃത്വം നൽകുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

5. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതം നയിച്ച് അന്ത്യവിധിയെ ആത്മധൈര്യത്തോടെ നേരിടുവാൻ കഴിയുന്ന ജീവിതമാണോ ഞാൻ നയിക്കുന്നത്?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 14,000/- |
| റവ. ഫാ. സുനിൽ ചെറുശ്ശേരി | 56,000/- |
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 20,000/- |

**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോസഫ്
നഗരൂർ
02.09.2011



റവ. ഫാ. മാത്യു
കുഴിവേലിൽ
04.09.2007



റവ. ഫാ. തോമസ്
കുമ്പുക്കാട്ട്
07.09.2015




റവ. ഫാ. ജോസഫ്
കണികതോട്
09.09.1990



റവ. ഫാ. ജോസഫ്
തോട്ടുപുറം
13.09.2004



റവ. ഫാ. തോമസ്
പുത്തൻപുരയ്ക്കൽ
18.09.2014



റവ. ഫാ. ജോൺ
തൊമ്മിത്താഴെ
20.09.2005

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശശേഖരണം**

നിസ്സഹായരായ അനേകമാളുകൾക്ക് ആശ്വാസമാകുന്ന ജീവൻ ദശാംശ ശേഖരണം പൂർത്തിയായി. കോവിഡിന്റെ വ്യാപനസാഹച ര്യത്തിലും ദശാംശശേഖരണം പൂർത്തിയാക്കുന്നതിന് നേതൃത്വം നല്കിയ ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, കൈക്കാരന്മാർ, പാരീഷ് കൗൺസിലംഗങ്ങൾ എന്നി വരെ നന്ദിയോടെ സ്മരിക്കുന്നു.

നമ്മുടെ രൂപതയിലെ വിശ്വാസസമൂഹം വേദനിക്കുന്ന സഹോ ദരങ്ങളോട് കാണിക്കുന്ന പരിഗണന അഭിനന്ദനാർഹമാണ്. പ്രത്യേക സാഹചര്യത്തിൽ വളരെ ചുരുക്കം ഇടവകകൾക്ക് സഹകരിക്കുവാൻ സാധിച്ചില്ലെങ്കിലും 1,12,57,360 (ഒരു കോടി പന്ത്രണ്ടുലക്ഷത്തി അൻപ ത്തിയേഴായിരത്തി മുന്നൂറ്റിയറുപത്) രൂപ ജീവകാരുണ്യ പ്രവർത്ത നങ്ങൾക്കായി സമാഹരിക്കുവാൻ സാധിച്ചത് നമ്മുടെ കൂട്ടായ്മയു ടെയും സഹകരണത്തിന്റെയും ശക്തമായ തെളിവാണ്.

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ : രൂപതാതല നിവേദനം**

ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സർക്കാർ നിയോ ഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുൻപാകെ കാഞ്ഞിരപ്പള്ളി രൂപതാതല റിപ്പോർട്ട് സമർപ്പിച്ചു. പാസ്റ്ററൽ ആനിമേഷൻ ഡയറ ക്ടർ ഫാ. സ്റ്റനിസ്ലാവോസ് പുള്ളോലിക്കൽ, പാസ്റ്ററൽ കൗൺസി ലംഗം ശ്രീ. ബിനോ വർഗ്ഗീസ്, റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹക രിച്ചവരെ പ്രതിനിധീകരിച്ച് ശ്രീ. ജിൻസ് നല്ലേപ്പറമ്പിൽ, രൂപതാ യുവ

ദീപ്തി എസ്.എം.വൈ.എം. പ്രസിഡന്റ് ആദർശ് കുര്യൻ, എക്സി ക്യൂട്ടീവ് അംഗം അഞ്ജന ഫിലിപ്പ് എന്നിവരടങ്ങുന്ന പ്രതിനിധി സംഘം കമ്മീഷൻ സെക്രട്ടറി ശ്രീ. സി.വി. ഫ്രാൻസിസിന് (റിട്ട. ജില്ലാ ജഡ്ജി) കൊച്ചിയിലുള്ള കമ്മീഷൻ ഓഫീസിൽ നേരിട്ടെത്തി യാണ് നിവേദനം കൈമാറിയത്. കമ്മീഷൻ ജില്ലാതല സിറ്റിംഗുക ളിൽ രൂപതയുടെ പ്രതിനിധി സംഘാംഗങ്ങളുടെ വിവരങ്ങൾ, ദളിത് ക്രൈസ്തവർ, കർഷകർ, വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ കമ്മീ ഷൻ തെളിവെടുപ്പിന് സഹകരിക്കുവാൻ പ്രതിനിധി സംഘത്തെ അയയ്ക്കുന്നതിന് സന്നദ്ധത അറിയിച്ചുകൊണ്ടുള്ള രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന്റെ കത്ത് എന്നിവയും നിവേദന ത്തോടൊപ്പം കൈമാറിയിരുന്നു.

**കോഡിനേറ്റേഴ്സ് കോൺഫറൻസ്**

രൂപത, ഇടവക, ഫൊറോന തലങ്ങളിൽ നിവേദനങ്ങൾ തയ്യാ റാക്കി അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച പ്രതിനിധിക ളെല്ലാവരും ബഹുമാനപ്പെട്ട വൈദികർക്കൊപ്പം ആഗസ്റ്റ് 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അധ്യക്ഷതയിൽ ഓൺലൈനിൽ ഒത്തുചേർന്നു. രൂപതാ യുവദീപ്തി എക്സിക്യൂട്ടീവ് അംഗം അഞ്ജന ഫിലിപ്പിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് പ്രോട്ടോസി ഞ്ചെല്ലൂസ് ഏറ്റവും ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ സ്വാഗ തമാശംസിക്കുകയും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് അധ്യ ക്ഷപ്രസംഗം നടത്തുകയും ചെയ്തു. നിവേദനങ്ങൾ തയ്യാറാക്കുന്ന തുമായി ബന്ധപ്പെട്ട് ആത്മാർത്ഥമായി വിവിധ തലങ്ങളിൽ പ്രവർത്തി ച്ചവരെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു.

ക്രിസ്ത്യാനികൾ ഒരു സമൂഹമെന്ന നിലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സമൂഹത്തോടുള്ള നമ്മുടെ കടമ, ഉത്തരവാദിത്വം എന്നി വയെക്കുറിച്ച് സിഞ്ചെല്ലൂസ് ഏറ്റവും ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ, രൂപതാ തല നിവേദനത്തിൽ ഉൾപ്പെടുത്തിയ വിവിധ വിഷയങ്ങളെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും

പബ്ലിക് അഫയേഴ്സ് കമ്മീഷൻ കൺവീനറുമായ ഷെവലിയാർ അഡ്വ. വി.സി. സെബാസ്റ്റ്യൻ എന്നിവർ ഹൃദ്യമായ പങ്കുവയ്ക്കലുകൾ നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ മരിയൻ കോളജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി ബ്രദർ ജോസഫ് ചാരുപ്ലാക്കൽ OFM Cap. മോഡറേറ്ററായിരുന്നു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദപ്രാർത്ഥനയോടെ സമാപിച്ച യോഗത്തിന് രൂപത പബ്ലിക് അഫയേഴ്സ് കമ്മീഷനംഗം ശ്രീ. ബിനോ പെരുന്തോട്ടം നന്ദിയർപ്പിച്ചു. സമ്മേളനത്തിൽ അവതാരകയായിരുന്ന റിയ മരിയ ജേക്കബ് ചൊവ്വര (മേരികുളം) സാങ്കേതിക സഹായം നല്കിയ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി റിസർച്ച് ഗൈഡും അമൽജ്യോതി കോളജ് അധ്യാപകനുമായ ഡോ. ജൂബി മാത്യു എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

### ഇന്റർ ഡിപ്പാർട്ട്മെന്റ് സമ്മേളനങ്ങൾ

രൂപതയിലെ അജപാലന വിഭാഗങ്ങളുടെയും സാമൂഹ്യസേവനവിദ്യാഭ്യാസ വിഭാഗങ്ങളുടെയും ഡയറക്ടർമാരുടെ സമ്മേളനം യഥാക്രമം ആഗസ്റ്റ് മാസം 11, 12 തീയതികളിൽ വൈകുന്നേരം 5.30 ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ആഗസ്റ്റ് 11 ബുധനാഴ്ച നടന്ന അജപാലന വിഭാഗങ്ങളുടെ ഡയറക്ടർമാരുടെ യോഗത്തിൽ അജപാലന മേഖലയിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ചർച്ച ചെയ്തതിനൊപ്പം കുടുംബവർഷ കർമ്മ പരിപാടികളുടെ വിലയിരുത്തലും നടത്തപ്പെട്ടു. ആഗസ്റ്റ് 12 വ്യാഴാഴ്ച നടന്ന സാമൂഹ്യസേവന വിദ്യാഭ്യാസ വിഭാഗങ്ങളുടെ യോഗത്തിൽ രൂപതയുടെ വിദ്യാഭ്യാസ സാമൂഹ്യരംഗത്തെ ഇടപെടലുകൾ വിലയിരുത്തുകയും പ്രത്യേക ശ്രദ്ധ പതിയേണ്ട മേഖലകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

### ജീവൻ ദശാംശവിതരണ യോഗം

ജീവൻ ദശാശംത്തിൽ നിന്നും ലഭിച്ച തുക അർഹതപ്പെട്ടവരുടെ കരങ്ങളിൽ എത്തുന്നതിനാവശ്യമായ ക്രമീകരണങ്ങളെക്കുറിച്ചാലോചിക്കുന്നതിനുള്ള ദശാംശവിതരണക്കമ്മറ്റി യോഗം അഭിവന്ദ്യ

മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 20 വെള്ളിയാഴ്ച 10.30 ന് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അജപാലന സാമൂഹ്യ സേവന ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയുടെ 7.01% (790000/-) നീക്കിവച്ചു.

ഇടവകതലത്തിലെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ ജീവകാരുണ്യനിധി, വിവിധ തലങ്ങളിലെ ജീവകാരുണ്യ പദ്ധതികൾ എന്നിവയ്ക്കായുള്ള തുകയുടെ വിതരണം കഴിയുന്നതുംവേഗം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമ്പത്തിക ഇടപാടുകളെക്കുറിച്ചുള്ള കേന്ദ്രസർക്കാരിന്റെ പുതിയ നയങ്ങൾക്കനുസരിച്ച് നടത്തേണ്ട ക്രമീകരണങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**തെളിച്ചം : മതാദ്ധ്യാപക വെബിനാർ**

ഓഗസ്റ്റ് 8-ാം തീയതി നടത്തപ്പെട്ട മതാധ്യാപക വെബിനാർ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. ഓൺലൈൻ കോൺഫ്രൻസിൽ പാലക്കാട് രൂപതാ മുൻ മതബോധന ഡയറക്ടർ ഫാ. ജോമിസ് കുടകശ്ശേരിൽ "വിശ്വാസജീവിതപരിശീലനം : അറിവോടും അനുഭവത്തോടും കൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ ആശംസകൾ നേർന്നു സംസാരിച്ചു. അധ്യാപക പ്രതിനിധികൾ അഭിപ്രായങ്ങൾ പങ്കുവച്ചു. ശ്രീമതി കൊച്ചുറാണി വെട്ടിക്കാട്ട് കൃതജ്ഞതയർപ്പിച്ചു. രൂപതയിലെ മുഴുവൻ വിശ്വാസജീവിതപരിശീലകരും പ്രസ്തുത മീറ്റിംഗിൽ പങ്കുചേർന്നു.

**ബൈബിൾ കലോത്സവം - രചനാമത്സരങ്ങൾ**

രൂപതാ ബൈബിൾ കലോത്സവത്തിന്റെ ഭാഗമായി ഇടവകതല രചനാമത്സരങ്ങൾ, കലാമത്സരങ്ങൾ തുടർന്ന് ഫൊറോനാ - രൂപതാതല മത്സരങ്ങൾ ക്രമീകരിക്കപ്പെടുന്നു. ഡോമിനിക് സാവിയോ, അൽഫോൻസാ, സെന്റ് തോമസ് വിഭാഗങ്ങളിലെ കുട്ടികൾക്കാണ് മത്സരങ്ങൾ. കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവയാണ് നടത്തപ്പെടുന്ന രചനാമത്സര ഇനങ്ങൾ.

പ്രസംഗം, സംഗീതം, സമൂഹഗാനം (പൊതുവിൽ) പദ്യോച്ചാരണം എന്നിവയാണ് കലാമത്സര ഇനങ്ങൾ. സെപ്റ്റംബർ 30-ാം തീയതിക്കു മുമ്പായി ഇടവകതല മത്സരങ്ങൾ നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവുടെ ലിസ്റ്റും രചനകളും വീഡിയോകളും ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. →

# ചെറുപുഷ്പ മിഷൻ ലീഗ്

**അമ്മയ്ക്കരികെ**

8 നോമ്പ് ദിനങ്ങളിൽ കുട്ടികൾക്കായി 8 ലഘുവീഡിയോ സന്ദേശങ്ങൾ തയ്യാറാക്കുന്നു. വിദേശത്ത് ശുശ്രൂഷ ചെയ്യുന്ന നമ്മുടെ രൂപതാംഗങ്ങളായ വൈദികരാണ് സന്ദേശം നൽകുന്നത്. ഇറ്റലി, ജർമ്മനി, സ്പെയിൻ, ഓസ്ട്രിയ, ഹോളണ്ട്, ഓസ്ട്രേലിയ, കാനഡ, അമേരിക്ക എന്നീ രാജ്യങ്ങളിൽനിന്നും വന്ദ്യവൈദികർ നല്കുന്ന സന്ദേശങ്ങൾ കുട്ടികളിലെത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**മരിയൻ തീർത്ഥാടനം**

പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനോടനുബന്ധിച്ച് നാം നടത്താറുള്ള മരിയൻ തീർത്ഥാടനം കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് ഇടവകകളിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ. രൂപതാതലത്തിൽ

---

## വിശ്വാസജീവിത പരിശീലനം

**HDC കോഴ്സ്**

ഹയർ ഡിപ്ലോമാ ഇൻ കാറ്റക്കെസിസ് കോഴ്സ് 5-ാം ബാച്ച് പൂർത്തിയാക്കി ഇനിയും പരീക്ഷ ചെയ്യാനുള്ളവർ സുവാറ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കോഴ്സ് റിസൽട്ട് അടുത്ത മാസത്തെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

സെപ്റ്റംബർ 5-ാം തീയതി ഞായറാഴ്ച കത്തീദ്രൽ ദൈവാലയാങ്കണത്തിൽ നിന്നും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ജപമാല റാലിയായി കാഞ്ഞിരപ്പള്ളി പഴയപള്ളിയിലെത്തുന്നതാണ്. തുടർന്ന് കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷയ്ക്കുശേഷം രൂപതാ അസി. ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ വി. കുർബാന അർപ്പിക്കും. സൺഡേസ്കൂൾ കുട്ടികളെല്ലാവരും മരിയൻ തീർത്ഥാടനത്തിൽ ആത്മീയമായി പങ്കുചേരാൻ ഓർമ്മിപ്പിക്കുമല്ലോ.

## മദ്ബഹാ ശുശ്രൂഷക സംഗമം

ഓഗസ്റ്റ് 15-ാം തീയതി മദ്ബഹാശുശ്രൂഷികൾക്കായി നടത്തപ്പെട്ട ഓൺലൈൻ സംഗമം പെരിയ ബഹുമാനപ്പെട്ട ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ ഉദ്ഘാടനം ചെയ്തു. 13 ഫൊറോനകളിൽ നിന്നുള്ള 13 കുട്ടികളുടെ സംശയങ്ങൾക്ക് രൂപതാ ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ച് ഫാ. വർഗ്ഗീസ് കാക്കല്ലിൽ മറുപടി നൽകി. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ ആശംസകൾ നേർന്നു സംസാരിച്ചു. മൂവായിരത്തോളം കുട്ടികൾ പങ്കെടുത്തു.

## സംസ്ഥാന തെരഞ്ഞെടുപ്പ്

ചെറുപുഷ്പമിഷൻലീഗിന്റെ സംസ്ഥാനതല തെരഞ്ഞെടുപ്പ് ആഗസ്റ്റ് 19-ാം തീയതി ഗൂഗിൾ മീറ്റിൽ Google Poll വഴി നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽ നിന്നും റീജിയണൽ ഓർഗനൈസറായ മേരികുളം ഇടവകാംഗം ശ്രീ. അരുൺ പോൾ കോട്ടയ്ക്കൽ ദേശീയ സമിതിയംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

## ഫൊറോനാതല മിഷൻ സംഗമം

ഓണക്കാല അവധിയോടനുബന്ധിച്ച് വിവിധ ഫൊറോനാകളിൽ മിഷൻ സംഗമങ്ങൾ ക്രമീകരിച്ച ഫൊറോനാ ഡയറക്ടർമാർക്കും ജോയിന്റ് ഡയറക്ടർമാർക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അനുമോദനങ്ങൾ.

കുമളി ഫൊറോന – ആഗസ്റ്റ് 22 ഞായർ ക്ലാസ് നയിച്ചത് സി. ആൽഫി മരിയ CHF, മിഷൻ അനുഭവം പങ്കുവയ്ക്കൽ : ഫാ. സിനോജ് ഛാന്ദാമിഷൻ.

പെരുവന്താനം ഫൊറോനാ : ഓഗസ്റ്റ് 22 ഞായർ
ക്ലാസ് നയിച്ചത് : ശ്രീ. ഷിജോ തോണിയാങ്കൽ

കട്ടപ്പന ഫൊറോനാ : ഓഗസ്റ്റ് 23 തിങ്കൾ
ക്ലാസ് നയിച്ചത് : ശ്രീ. ബിനീഷ് കളപ്പുരയ്ക്കൽ

മുണ്ടക്കയം ഫൊറോനാ : ഓഗസ്റ്റ് 23 തിങ്കൾ
ക്ലാസ് നയിച്ചത് : ഫാ. റ്റിജോ ചിരിയൻകണ്ടത്ത് CMI

എരുമേലി ഫൊറോനാ : ഓഗസ്റ്റ് 22 ഞായർ
ക്ലാസ് നയിച്ചത് : ശ്രീമതി ലിസ്ബി ജോബി

പൊൻകുന്നം ഫൊറോനാ : ഓഗസ്റ്റ് 29 ഞായർ
ക്ലാസ് നയിച്ചത് : ശ്രീമതി ലിസ്ബി ജോബി

## രൂപതാ തല മത്സരങ്ങൾ

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു നടത്തപ്പെട്ട ഇംഗ്ലീഷ്, ഹിന്ദി പ്രസംഗമത്സരങ്ങളിൽ എല്ലാ ഫൊറോനാകളിൽ നിന്നും ഒന്നും രണ്ടും സ്ഥാനം നേടിയ കുട്ടികൾ പങ്കെടുത്തു. ഇടവകതല മത്സരങ്ങളിൽ ഏഴായിരത്തോളം കുട്ടികളും ഫൊറോനാതല മത്സരങ്ങളിൽ ആയിരത്തി ഇരുനൂറോളം കുട്ടികളും രൂപതാതലത്തിൽ 112 കുട്ടികളും പങ്കെടുത്തു. മിഷൻലീഗ് ഫൊറോനാ സമിതികൾക്ക് അഭിനന്ദനങ്ങൾ.

രൂപതാതല മത്സരങ്ങളുടെ റിസൽട്ട് പ്രസിദ്ധീകരിക്കുന്നു.

### ഇംഗ്ലീഷ്

അൽഫോൻസാ വിഭാഗം

1 st : സാറാ സിജു മുതുകാട്ടിൽ, പുറ്റടി
2 nd : എലിസബത്ത് സെബാസ്റ്റ്യൻ കോഴിമല, മുണ്ടക്കയം
3 rd : ഫെലിക്സ് തോ ഷാരോൺ കുന്നേൽ കട്ടപ്പന

3 rd : മരിയ തോമസ് തുണ്ടത്തിൽ, കൊല്ലമുള

ഡോമിനിക്ക് വിഭാഗം

1 st : എലിസബത്ത് ജോസ് പുഞ്ചക്കുന്നേൽ ആനക്കൽ

2 nd : ആൻ ഇസിദോർ വാലുമ്മേൽ, നെറ്റിത്തൊഴു

3 rd : ദയ മറിയം ബിബിൻ പാലൂക്കുന്നേൽ, ആനക്കൽ

**ഹിന്ദി**

അൽഫോൻസാ വിഭാഗം

1 st : എലിസബത്ത് ജോസ് തണ്ണിപ്പാറ, പാലമ്പ്ര

2 nd : അൽഫോൻസാ ജോസഫ് ഗണപതിപ്ലാക്കൽ, ചക്കുപള്ളം

3 rd : തെരേസ ദേവസ്യ വിരുത്തിയേൽ, ആനക്കൽ

: മോനിക്ക ഫിലിപ്പ് ഇരുപ്പക്കാട്ട്, ഇളങ്ങുളം

: ജിയാ വർഗീസ് കുഴിപ്പീടികയിൽ, വലിയ തോവാള

ഡോമിനിക്ക് വിഭാഗം

1 st : ഇമ്മാനുവൽ വർഗീസ് കുളത്തറ, ഉപ്പുതറ

2 nd : നേഹ സന്തോഷ് പരിയാരത്ത്, ചിറക്കടവ്

3 rd : റോസ് മേരി ജോസഫ് കടംതോട്ട്, കട്ടപ്പന

Special Prize : Joel James, Assissi Blind School, Kalaketty

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**വൈദികരുടെ മാസധ്യാനം**

ഓഗസ്റ്റ് മാസം നാലാം തീയതി ഇടവക വൈദീകരുടെ മദ്ധ്യസ്ഥന്റെ തിരുനാളിൽ മുണ്ടക്കയം സോണിലെ വിജയപുരം രൂപതയിൽപ്പെട്ട വൈദികർക്കായി ഫാദർ തോമസ് നിരപ്പേൽ മാസധ്യാനം നയിച്ചു.

**വി. മത്തായിയുടെ സുവിശേഷം**

ഓഗസ്റ്റ് മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും പതിവുപോലെ വി. മത്തായിയുടെ സുവിശേഷത്തേക്കുറിച്ചുള്ള പഠന പരമ്പര വൈകുന്നേരം 6 മണിക്ക് നടത്തപ്പെട്ടു. സെപ്റ്റംബർ മാസം 21-ാം തീയതി വിശുദ്ധ മത്തായിയുടെ തിരുനാളിനോടനുബന്ധിച്ച് ഈ പഠനപരമ്പര അവസാനിക്കുന്നതാണ്.

## Gospel Retreat

കട്ടപ്പന സെന്റ് ജോർജ് ഫൊറോന ഇടവകയിലെ മതാദ്ധ്യാപകർക്കായി ഓഗസ്റ്റ് മാസം 27, 28, 29 തീയതികളിൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെ അടിസ്ഥാനമാക്കിയുള്ള വചനധ്യാനം നടത്തപ്പെട്ടു.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

**അഖണ്ഡ ജപമാലയും- മരിയൻ തീർത്ഥാടനവും**

SMYM ന്റെ നേതൃത്വത്തിൽ, ഫൊറോനാ അടിസ്ഥാനത്തിൽ അഖണ്ഡ ജപമാല നടത്തപ്പെടുന്നു. "കത്തോലിക്കാ യുവജനങ്ങളിൽ ശക്തമായ വിശ്വാസ വളർച്ച" എന്നതാണ് ഈ വർഷത്തെ പ്രാർത്ഥനാ നിയോഗം. ഇതിന്റെ ഭാഗമായി ഒരാൾക്ക് അരമണിക്കൂർ ലഭിക്കുന്ന രീതിയിൽ ദിവസം 48 വോളണ്ടിയേഴ്സ് ജപമാലകൾക്ക് നേതൃത്വം നൽകും. ഈ വോളണ്ടിയേഴ്സിനെ വിവിധ ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കുവാൻ ഫൊറോന SMYM ഭാരവാഹികൾ നേതൃത്വം നൽകും. ഓരോ വോളണ്ടിയറും തങ്ങൾക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ ലഭിച്ചിരിക്കുന്ന സമയം തന്റെ കൂട്ടുകാരെയും ബന്ധുക്കളെയും ഒപ്പം ചേർക്കുന്നതിലൂടെ 8 ദിവസം കൊണ്ട് ഒരു ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി പരമാവധി യുവജനങ്ങളെ അഖണ്ഡ ജപമാലയിൽ പങ്കാളികളാക്കാൻ സാധിക്കും. ഈ ഒരു പ്രാർത്ഥനാ യജ്ഞത്തിന് ഇടവകയിൽ പരമാവധി പ്രോത്സാഹനം നൽകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

അഖണ്ഡ ജപമാലയുടെ ഭാഗമായി തന്നെ വിവിധ ഫൊറോന സമിതികളുടെ നേതൃത്വത്തിൽ പ്രതിനിധികൾ മാത്രം പങ്കെടുക്കുന്ന മരിയൻ തീർത്ഥാടനം തിരഞ്ഞെടുക്കപ്പെട്ട മരിയൻ തീർത്ഥാടന ദൈവാലയങ്ങളിലേക്ക് നടത്തപ്പെടുന്നതാണ്.

**ഉത്സവ് 2021**

ഈ വർഷത്തെ ഉത്സവ് കലാ-രചനാ മത്സരങ്ങൾ ഫൊറോനാ തലത്തിൽ ഓൺലൈനായും. സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ രൂപതാ തലത്തിൽ ഓഫ്ലൈനായും അല്ലങ്കിൽ ഓൺലൈനായും

നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഫൊറോനാ മത്സരങ്ങളിൽ, രചനാ മത്സരങ്ങൾ 2021 ഒക്ടോബർ 2 ന് മുമ്പായും, കലാമത്സരങ്ങൾ 2021 ഒക്ടോബർ 9 ന് മുമ്പായും നടത്തുവാൻ ഫൊറോനകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രൂപതാ മത്സരവും ഓൺലൈൻ ആകുന്ന സാഹചര്യമുണ്ടായാൽ ഫൊറോനാ തലത്തിൽ നടത്തിയ മത്സരങ്ങളുടെ വീഡിയോകൾ ആകും മത്സരത്തിനായി പരിഗണിക്കുന്നത്. ഈ കോവിഡ് സാഹചര്യത്തിൽ യുവജനങ്ങളുടെ സർഗ്ഗശേഷികൾ വർദ്ധിപ്പിക്കുന്നതിനും, മാനസികോല്ലാസത്തിനും, അതിലുപരി ഇടവകയുമായുള്ള ബന്ധം വളർത്തുന്നതിനും ഉത്സവ് 2021 നെ പരമാവധി പിന്തുണയ്ക്കുമല്ലോ.

**എൽറോയ് 2021**

കോവിഡ് ലോക്ക് ഡൗൺ സാഹചര്യത്തിൽ ഇടവകയിൽ നിന്നും അകന്നുപോയ യുവജനങ്ങളെ തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഇടവക കേന്ദ്രീകൃതമായി എൽറോയ് 2021എന്ന പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. പ്രസ്തുത പരിപാടിക്ക് കഴിഞ്ഞ ദിവസങ്ങളിൽ പൊൻകുന്നം, മുണ്ടിയെരുമ ഫൊറോനകളിൽ മികച്ച പ്രതികരണമാണ് ലഭിച്ചത്. രൂപതാ സമിതിയുടെ നേരിട്ടുള്ള നേതൃത്വത്തിലും ഫൊറോനാ സമിതികളുടെ നേതൃത്വത്തിലും എൽറോയ് 2021 നടത്തപ്പെടുന്നതാണ്. എൽറോയ് 2021- ന് ക്ലാസുകൾ നയിക്കുവാൻ മികച്ച ഒരു റിസോഴ്സ് ടീമിന് ഇതിനോടകം പരിശീലനം നൽകിയിട്ടുണ്ട്. SMYM ഭാരവാഹികൾ ഈ ആവശ്യവുമായി വരുമ്പോൾ സഹകരിക്കുമല്ലോ.

സവ്റ 2020 ന് നൽകിയ മികച്ച പിന്തുണ പോലെ എൽറോയ് 2021നും പ്രോത്സാഹനം നൽകണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഇതുവരെ 6 ഇടവകകളിൽ എൽറോയ് നടത്തപ്പെട്ടു.

| | | |
|---|---|---|
| അഴങ്ങാട് | - | ഓഗസ്റ്റ് 8 |
| എലിക്കുളം | - | ഓഗസ്റ്റ് 19 |
| വഞ്ചിമല | - | ഓഗസ്റ്റ് 20 |

| | | |
|---|---|---|
| ചെങ്ങളം | - | ഓഗസ്റ്റ് 22 |
| ഇളങ്ങുളം | - | ഓഗസ്റ്റ് 22 |
| നെയ്യാട്ടുശ്ശേരി | - | ഓഗസ്റ്റ് 23 |
| സന്യാസിയോട | - | ഓഗസ്റ്റ് 28 |
| നിർമ്മലാപുരം | - | ഓഗസ്റ്റ് 28 |
| അന്യാർതൊളു | - | ഓഗസ്റ്റ് 29 |
| പുളിയന്മല | - | ഓഗസ്റ്റ് 29 |
| ചേമ്പളം | - | ഓഗസ്റ്റ് 29 |
| മുണ്ടിയെരുമ | - | ഓഗസ്റ്റ് 29 |

**Enlight 2021**

ഹയർസെക്കൻഡറി പരീക്ഷ കഴിഞ്ഞ കുട്ടികൾക്ക് തുടർ പഠനത്തിനുള്ള കോഴ്സുകൾ പരിചയപ്പെടുത്തുവാനും കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുവാനുമായി 'Enlight' എന്ന പേരിൽ ഓഗസ്റ്റ് 1 ന് വെബിനാർ സംഘടിപ്പിച്ചു.

**ഫൊറോനാ ഡയറക്ടേഴ്സ് മീറ്റിംഗ്**

വിവിധ ഫൊറോനകളെ നയിക്കുന്ന ഡയറക്ടർ അച്ചൻമാരുടെ മീറ്റിംഗ് ആഗസ്റ്റ് 10 വൈകുന്നേരം 6 മണിക്ക് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ടു. ഭാവിപദ്ധതികളെ കുറിച്ച് ചർച്ചകൾ നടത്തി.

**ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം**

**പൊതുമുതൽ സംരക്ഷണം**

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് 'പൊതുമുതൽ സംരക്ഷണം' എന്ന ആശയം മുൻനിർത്തി കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷൻ വൃത്തിയാക്കി.

കാഞ്ഞിരപ്പള്ളി ആറാം വാർഡ് മെമ്പർ ബിജു പത്യാല

ഉദ്ഘാടനം നിർവ്വഹിച്ചു. കാഞ്ഞിരപ്പള്ളി MLA യും ഗവൺമെന്റ് ചീഫ് വിപ്പുമായ ഡോ. എൻ ജയരാജ് ആശംസകൾ അറിയിച്ച് സംസാരിച്ചു. ഡയറക്ടർ റവ. ഫാ.വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, സി. റാണിമരിയ SABS, റീജന്റ് ബ്രദർ ജിറ്റോ ആക്കാട്ട്, ജോസ്മി കൊച്ചുകരോട്ട്, തോമാച്ചൻ കത്തിലാങ്കൽ, സ്നേഹ, റിന്റു മരിയ സ്കറിയ , ജിയോ റ്റിജോ , അഞ്ജന ഫിലിപ്പ് പുരയിടത്തിൻ, അലൻ സി തോമസ്, ജോബി ജെയിംസ്, ജെയിൻ മാത്യു ജേക്കബ്, ഡാനിയാ ബാബു, മരിയ ബാബു, റോമിറ്റ് റോയി, അബി മാത്യു എന്നിവർ ഈ ദൗത്യത്തിൽ പങ്കെടുത്തു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ**

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

വിവാഹഒരുക്കത്തിന്റെ ഭാഗമായതിനാൽ വിവാഹാർത്ഥികൾ പ്രീ മാര്യേജ് കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഉറപ്പ് വരുത്തുകയും രജിസ്ട്രേഷനോടൊപ്പം നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ക്ലാസുകളിൽ പൂർണ്ണമായി സംബന്ധിച്ച് പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു എന്ന കാര്യം വിവാഹാർത്ഥികളെ വ്യക്തമായി ധരിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജീവന്റെ സംരക്ഷണ ദിനം ആചരിച്ചു**

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി (M.T.P.) ആക്ട് ഇന്ത്യയിൽ നിലവിൽ വന്നതിന്റെ അമ്പതാം വാർഷികമായ 2021 ഓഗസ്റ്റ് 10-ന് CBCI യും KCBC യും ആഹ്വാനം ചെയ്ത ജീവന്റെ സംരക്ഷണദിനം ഫാമിലി അപ്പോസ്തലേറ്റും മുണ്ടക്കയം എം.എം.റ്റി. ആശുപത്രിയും സംയുക്തമായി ആചരിച്ചു.

ഓഗസ്റ്റ് 10 ന് വൈകുന്നേരം 6 മണി മുതൽ 7.30 വരെ നടത്തപ്പെട്ട വെബിനാറിൽ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ജീവസംരക്ഷണ ദിന സന്ദേശം പങ്കുവച്ചു. തുടർന്ന് എം.എം.റ്റി. ആശുപത്രിയിലെ ഡോ. ഡിറ്റിൻ ജോസഫ് MBBS, DNB (Pediatrics) ക്ലാസ് നയിച്ചു. ശ്രീമതി സിനിൽ ജോർജ് (ഖ

ത്തർ), ശ്രീ. വിനീഷ്, ശ്രീമതി റിജോ ആൻഡ് ഫാമിലി (അരുണാചൽ പ്രദേശ്) എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. എം. എം.റ്റി. ആശുപത്രി ഡയറക്ടർ റവ. ഫാ. സോജി കന്നാലിൽ സ്വാഗതവും ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വട്ടയത്തിൽ നന്ദിയും പറഞ്ഞു.

**Young Couples' Meet - ആനവിലാസം**

ആനവിലാസം ഇടവകയിലെ പത്തുവർഷത്തിനുള്ളിൽ വിവാഹിതരായ ദമ്പതികളുടെ സമ്മേളനവും ബോധവത്ക്കരണ ക്ലാസും നടത്തി. രൂപതാ ഡയറക്ടറച്ചൻ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ക്ലാസ് നയിക്കുകയും ചെയ്തു. ബഹു. ജെയിംസ് കോഴിമല അച്ചൻ പരിപാടികൾക്ക് നേതൃത്വം നൽകി.

**നന്ദി**

ഫാമിലി അപ്പോസ്തലേറ്റിന്റെ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഫാ. മാർട്ടിൻ പാലക്കുടി (പെരുവന്താനം 2019 - 2021), ഫാ. ജോസഫ് പൊങ്ങന്താനം (അണക്കര 2019 - 2021), ഫാ. വർഗ്ഗീസ് പാറയ്ക്കൽ (റാന്നി 2020 - 2021) എന്നിവർക്ക് ഹൃദയം നിറഞ്ഞ കൃതജ്ഞത അറിയിക്കുന്നു.

**സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റ് ഫൊറോനാ ഡയറക്ടർമാരായി പുതുതായി നിയമിതരായിരിക്കുന്ന ബഹു. ജോസഫ് നെല്ലിമലമറ്റത്തിലച്ചൻ (അണക്കര), ബഹു. ജോസ് വലിയകുന്നത്ത് അച്ചൻ (പെരുവന്താനം), ബഹു. ജോർജ് കുഴിക്കാട്ടച്ചൻ (എരുമേലി) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**വെളിച്ചിയാനി ഫൊറോനാ സമ്മേളനം**

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാളിനോടനുബന്ധിച്ച് വെളിച്ചിയാനി ഫൊറോനായിലെ അമ്മമാരുടെ ഓൺലൈൻ സമ്മേളനം നടത്തി. ഫൊറോനാ ഡയറക്ടർ ബഹു. ജോസഫ് കല്ലുംപറമ്പത്ത് അച്ചൻ പ്രവർത്തന പരിപാടികൾ വിശദീകരിച്ചു. രൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ഫൊറോനാ പ്രസിഡന്റ് ബിൻസി എബ്രാഹം നരിപ്പാറ, ആനിമേറ്റർ സി. മെർളി സി.എം.സി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

വിശുദ്ധ മോനിക്കയുടെ തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 27-ാം തീയതി വൈകിട്ട് 7 മണി മുതൽ 8 മണി വരെ മുണ്ടിയെരുമ ഫൊറോനാ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കുവേണ്ടി ഓൺലൈൻ ക്ലാസ് നടത്തി. ശ്രീ. സിജു എബ്രഹാം ആലഞ്ചേരി ക്ലാസ് നയിച്ചു.

**മാതൃവേദി കലോത്സവം 2020 സമ്മാനങ്ങൾ**

2020 വർഷത്തിലെ മാതൃവേദി കലോത്സവത്തിന്റെ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും കോവിഡ് 19-ന്റെ സാഹചര്യത്തിൽ നേരിട്ട് നൽകാൻ സാധിക്കാത്തതിനാൽ ഇനിയും ലഭിക്കാത്തവർക്ക് അവ ഇടവകകളിൽ എത്തിച്ചു നൽകുന്നതാണ്. മത്സരവിജയികൾക്ക് സമ്മാനങ്ങൾ കൈമാറാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**1. ഗ്രീൻ ആൻഡ് കെയർ പ്രോജക്ട്**

i) ഗ്രീൻ & കെയർ പ്രൊജക്റ്റുകളിൽ ജപ്പാൻ വനവത്ക്കരണ പദ്ധതിയായ 'മിയാവാക്കി വനങ്ങൾ' രൂപീകരിക്കാൻ അകീറാ മിയാവാക്കിയുടെ ശിഷ്യസമൂഹവുമായി ധാരണയിലായി. ചങ്ങനാശേരി രൂപതാകേന്ദ്രത്തിൽ നടപ്പിലാക്കുന്ന ഗ്രീൻ ആൻഡ് കെയർ പ്രോജക്ടിൽ ഈ വനരൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചു.

ii) ചങ്ങനാശ്ശേരി അരമനയിൽ Aquaponics, Hypronics തുടങ്ങിയവ ഉദ്ഘാടനം ചെയ്യുകയും വിളവെടുപ്പ് നടത്തുകയും ചെയ്തു.

iii) അഞ്ചിലിപ്പ വിൻസെന്റ് ഷ്യൻ ഭവനം പ്രോജക്റ്റ് നടപ്പിലാക്കുവാൻ രജിസ്റ്റർ ചെയ്യുകയും, പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയും ചെയ്തു.

iv) ഗ്രീൻ ആൻഡ് കെയർ പദ്ധതിയുടെ വിവിധ പ്രോജക്റ്റുകളിൽ Apprenticeship നുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത : ഈ മേഖലയിൽ ബിരുദാനന്തരബിരുദം. അപേക്ഷിക്കേണ്ട വിലാസം : Fr. Varghese Kakkallil, Project Director, Green & Care Project, St. Antony's Church, Vandanmedu P.O., 685551
Mob:9747804333, 7025962626, Email:greenandcare@outlook.in

**2. നസ്രാണി പബ്ലിക്കേഷൻസ്**

നസ്രാണി റിസേർച്ച് സെന്ററിന്റെ പ്രസിദ്ധീകരണ വിഭാഗമായ നസ്രാണി പബ്ളിക്കേഷൻസിന്റെ രണ്ടാം പ്രസിദ്ധീകരണം ഉടൻ പുറത്തിറങ്ങുന്നു.

പുസ്തകം : **"പൈതൃകം"**
ഗ്രന്ഥകർത്താവ് : ചവറപ്പുഴ യാക്കോവ് കത്തനാർ.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ആഗസ്റ്റ് 2021**

02 ഒന്നാം വർഷ വൈദികവിദ്യാർത്ഥികൾ സെമിനാരിയിൽ എത്തിച്ചേർന്നു.

04 വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

– നാലാം വർഷ വൈദികവിദ്യാർത്ഥികളുടെ കലാസന്ധ്യ നടത്തപ്പെട്ടു.

06 ഈശോയുടെ രൂപാന്തരീകരണതിരുന്നാളിനോടനുബന്ധിച്ച് ബഹു. ജോസ് തറപ്പേലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിനോടനുബന്ധിച്ച് ആഘോഷമായ റാസാ കുർബാന ബഹു. റെക്ടറച്ചന്റെ കാർമ്മികത്വത്തിൽ അർപ്പിച്ചു.

– ഇന്ത്യൻ സ്വാതന്ത്ര്യദിനമനുസ്മരിച്ച് ദേശീയ പതാക ഉയർത്തുകയും തുടർന്ന് സ്വാതന്ത്ര്യദിനത്തെക്കുറിച്ചുള്ള ചിന്തകൾ ബ്രദർ കുര്യൻ കാവാലം പുതുപ്പറമ്പിൽ പങ്കുവയ്ക്കുകയും ചെയ്തു.

– രണ്ടും മൂന്നും വർഷ വൈദികവിദ്യാർത്ഥികളുടെ കലാസന്ധ്യ നടത്തപ്പെട്ടു.

21 ഓണാഘോഷം : ഈ വർഷത്തെ ഓണാഘോഷപരിപാടികൾ നടത്തപ്പെട്ടു. ഓണപ്പാട്ടു മത്സരവും മറ്റു കളികളും നടത്തപ്പെടുകയും തുടർന്ന് ഓണസദ്യയിൽ ഏവരും പങ്കുചേരുകയും ചെയ്തു.

29 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം ബഹു. ജോസ് തറപ്പേലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. .

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

## ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ

ആഗസ്റ്റ് 7-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ഡയറക്ടർ ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടത്തി. ഫാ. സ്കറിയ മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ സരിൻ, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## അമേരിക്കയിലെ ശുശ്രൂഷകർക്കുള്ള ധ്യാനം

ആഗസ്റ്റ് 7, 8 തീയതികളിൽ അമേരിക്കയിലുള്ള ശുശ്രൂഷകർക്കായുള്ള ധ്യാനം ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ സരിൻ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## മരിയൻ ശുശ്രൂഷകർക്കായുള്ള ഏകദിന ഓൺലൈൻ ധ്യാനം

ഓഗസ്റ്റ് 14-ാം തീയതി മരിയൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർക്കായുള്ള ഏകദിനധ്യാനം വൈകുന്നേരം നാലുമണി മുതൽ ഒമ്പതര വരെ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ ഫാ. സ്കറിയ മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോസി, ബ്രദർ സരിൻ എന്നിവർ സഹായിച്ചു.

## മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ

ഓഗസ്റ്റ് 15-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്ത്യാദരങ്ങളോടെ ആചരിച്ചു. ബഹുമാനപ്പെട്ട

ഡോമിനിക് വാളന്മനാൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു.

**ഡോക്ടേഴ്സിനായുള്ള ഏകദിന ഓൺലൈൻ ധ്യാനം**

ഓഗസ്റ്റ് 15-ാം തീയതി 4 pm. മുതൽ 9.30 pm. വരെ ഡോക്ടേഴ്സിനായിട്ടുള്ള ഏകദിനധ്യാനം ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ സരിൻ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**യു.കെ. ഓൺലൈൻ റിട്രീറ്റ്**

ഓഗസ്റ്റ് 20, 21, 22 തീയതികളിൽ യു.കെ.യിലെ ദൈവജനത്തിനായുള്ള ധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന ശുശ്രൂഷകളിൽ ഫാദർ റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ സരിൻ എന്നിവർ സഹായിച്ചു.

**വൈദികർക്കുവേണ്ടിയുള്ള ഏകദിന ഓൺലൈൻ പ്രയർ കോൺഫറൻസ്**

ഓഗസ്റ്റ് 23 ന് വൈകുന്നേരം 4 മണി മുതൽ 8 മണി വരെ വൈദികർക്കായുള്ള ഏകദിന ധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകുകയും ഫാ. സ്കറിയ മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോസ്സി, ബ്രദർ ജെയ്സൺ, ബ്രദർ സരിൻ എന്നിവർ ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തു.

**കൃപാനുഭവ ഓൺലൈൻ റെസിഡൻഷ്യൽ റിട്രീറ്റ്**

ഓഗസ്റ്റ് 26, 27, 28 തീയതികളിൽ ഓൺലൈൻ ധ്യാനം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന ശുശ്രൂഷകളിൽ ഫാ. സ്കറിയ മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ ജെയ്സൺ എന്നിവർ സഹായിച്ചു. 28 ന് വൈകിട്ട് 4 മണി മുതൽ 9

വരെയും 27, 28 തീയതികളിൽ രാവിലെ 9 മുതൽ വൈകുന്നേരം 9 വരെയും ശുശ്രൂഷകൾ നടത്തപ്പെട്ടു.

**യുവജനങ്ങൾക്കായുള്ള ഏകദിന പ്രയർ കോൺഫറൻസ്**

ഓഗസ്റ്റ് 29 ന് വൈകുന്നേരം 3 മണി മുതൽ 9.30 വരെ യുവജനങ്ങൾക്കായുള്ള ഏകദിനധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ സരിൻ എന്നിവർ ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തു.

**ഓൺലൈൻ ശുശ്രൂഷകൾ**

എല്ലാ ദിവസവും വൈകിട്ട് 5 മണി മുതൽ 8 മണി വരെ നടക്കുന്ന ശുശ്രൂഷയിൽ വിശുദ്ധ കുർബാനയും, ജപമാലയും, ദൈവവചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടന്നുവരുന്നു. ഫാ. സ്കറിയ മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജെയ്സൺ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**


ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ 9526022215, 7306065493, 7306086060, 7306055176.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- സി.എം.സി. അമലാ പ്രൊവിൻസിന്റെ പതിന്നാലാം പ്രൊവിൻഷ്യൽ സിനാക്സിസിന്റെ ഒന്നാം സെഷൻ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. റവ. ഫാ. ബിജു മഠത്തിക്കുന്നേൽ CSsR സന്ദേശം നൽകി.
- പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. സ്വാതന്ത്ര്യദിനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പതാക ഉയർത്തി. ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിൽ സിസ്റ്റേഴ്സ് സ്വാതന്ത്ര്യദിനത്തിന്റെ സന്ദേശം നൽകി.
- ഷാന്ദാരൂപതയുടെ ബിഷപ്പ് മാർ എഫ്രേം നരികുളം പ്രൊവിൻഷ്യൽ ഹൗസിൽ സന്ദർശനം നടത്തുകയും സിസ്റ്റേഴ്സ് ഹൃദ്യമായി സ്വീകരിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.

---

## മരിയൻ റിട്രീറ്റ് സെന്റർ

ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 നും വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6.30 നും ചൊവ്വ രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**

- ഇടവകയിലെയും സ്കൂളുകളിലും കുട്ടികൾക്കായി 150 വിവിധ വിഷയങ്ങളെ ആസ്പദമാക്കി വീഡിയോക്ലിപ്പ്, പവർപോയിന്റ്, ആക്ഷൻ സോങ്, ക്ലാസുകൾ എന്നിവയെല്ലാം ചേർത്ത് മൂല്യാധിഷ്ഠിത ക്ലാസുകൾ തയ്യാറാക്കി. 5 പെൻഡ്രൈവിലാക്കി മഠങ്ങൾക്ക് നൽകി. എൽ.കെ.ജി. മുതൽ യൂത്ത് വരെയുള്ള കുട്ടികൾക്കായിട്ടാണ് ഈ ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്.

- 2021 ലെ തിരുവോണനാളിൽ സാരഥി കുടുംബത്തിലെ കുടുംബിനികൾക്ക് ഓണപ്പുടവയും സമ്മാനവും നല്കി. സി.എം.സി. അമലാ സർവ്വീസ് സെന്റർ കരുതലോണം ഒരുക്കി.

- ജയിൽ മിനിസ്ട്രിയുടെ 40-ാം വാർഷികാഘോഷത്തിലും പ്രത്യേക മദ്ധ്യസ്ഥനായ വി. മാക്സ്മില്യൻ കോൾബെയുടെ തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ ഒരാഴ്ചത്തെ ഓൺലൈൻ പ്രാർത്ഥനാശുശ്രൂഷയിലും വചനസന്ദേശത്തിലും പ്രൊവിൻസിൽനിന്നും 7 സിസ്റ്റേഴ്സ് പങ്കെടുത്തു.

- 2021 ലെ തിരുവോണ നാളിൽ സി.എം.സി. അമലാ സർവ്വീസ് സെന്റർ പീരുമേട് സബ്ജയിലിൻ കഴിയുന്ന തടവറമക്കൾക്കായി ഓണപ്പായസവും ചിപ്സും നൽകി. ഈ വിരുന്ന് ഒരുക്കി സ്നേഹത്തോടെ വിതരണം ചെയ്ത പീരുമേട് മഠത്തിലെ മദറിനും സമൂഹാംഗങ്ങൾക്കും നന്ദി.

- വിവിധ സ്ഥലങ്ങളിലെ 15 കുടുംബങ്ങൾക്ക് വിദ്യാഭ്യാസം, ഭവനനിർമ്മാണം, വിവാഹം, സ്വയംതൊഴിൽ എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തികസഹായം നല്കി.

- സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണപുരസ്കാരം നേടിയ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹൈസ്കൂളിനും ഹെഡ്മിസ്ട്രസ് സി. ഡെയ്സ് മരിയായ്ക്കും കോ-ഓർഡിനേറ്റർ സി. ജിജിക്കും അഭിനന്ദനങ്ങൾ

# ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- വിശുദ്ധ ക്ലാരയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

- FCRA - Latest Challenges & Developments എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി Thalir Centre നടത്തിയ സൂം മീറ്റിംഗിൽ സിസ്റ്റർ പ്രൊവിൻഷ്യൽ സി. അമല, കൗൺസിലർ സി. ജോസി ട്രീസ, ഫിനാൻസ് ഓഫീസർ സി. മരിയ ടോം എന്നിവർ പങ്കെടുത്തു.

- തടവറ പ്രേഷിത കൂട്ടായ്മയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ കോൾബേയുടെ നാമത്തിലുള്ള നൊവേന ജീസസ്സ് ഫ്രറ്റേണിറ്റിയുടെ കോട്ടയം സോൺ നടത്തിയപ്പോൾ സി. ടെസ് മരിയയും മറ്റ് സിസ്റ്റേഴ്സും അതിൽ പങ്കെടുത്തു.

- സി. ജെയ്സി എഫ്.സി.സി. ആറ് പ്രൊവിൻസുകൾക്കായി നടത്തിയ ഓൺലൈൻ വാർഷിക ധ്യാനത്തിൽ ഈ പ്രൊവിൻസിലെ സിസ്റ്റേഴ്സ് എല്ലാവരും പങ്കെടുത്തു.

- ടാക്സിനെ സംബന്ധിച്ച് കെ.സി.എം.എസ്. ന്റെ ആഭിമുഖ്യത്തിൽ നടത്തിയ സെമിനാറിൽ സിസ്റ്റർ പ്രൊവിൻഷ്യൽ സി. അമല ഫിനാൻസ് ഓഫീസർ സി. മരിയ ടോം എന്നിവർ പങ്കെടുത്തു.

- കോട്ടയം, പാലാ, പൊൻകുന്നം ജയിലുകളിൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പെരുന്നിലം അച്ചനോടൊപ്പം സി. ടെസി മരിയ, സി. ഷാന്റി മരിയ എന്നിവർ സന്ദർശിച്ചു. കോട്ടയം ജയിലിൽ മധുരപലഹാരം വിതരണം ചെയ്തു.

- പരപ്പ്, ക്ലെയൽ നിവാസ് വികലാംഗഭവനത്തിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- പ്രോവിൻസ്തലത്തിൽ യൂക്കരിസ്റ്റിക്ക് സെന്റർ ലീഡേഴ്സ് Zoom Meeting പ്രൊവിൻഷ്യൽ കൗൺസിലർ സി.ദീപ്തി പച്ചിലംകാടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപത വിശ്വാസപരിശീലന ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ മുഖ്യസന്ദേശം നൽകിയ മീറ്റിംഗിന് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെ സ്വാഗതം ആശംസിച്ചു.
- ബഹു. ആന്റണി നിരപ്പേലച്ചന്റെ ഭൗതികദേഹം പ്രൊവിൻഷ്യൽ ടീം സന്ദർശിച്ച് ആദരാഞ്ജലികളർപ്പിച്ചു.
- സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം Play School & Kindergarten School ൽ നടത്തപ്പെട്ട സ്വാതന്ത്ര്യദിനാഘോഷത്തിലും, ഓണാഘോഷപരിപാടിയിലും മാനേജർ മദർ അമല കിടങ്ങത്താഴെ ആശംസാസന്ദേശം നൽകി.
- പുള്ളിക്കാനം സെന്റ് തോമസ്സ് ഹൈസ്കൂൾ, ഇടക്കുന്നം Mary Matha Public School ഓൺ ലൈൻ മെരിറ്റ് ഡെ യിൽ മാനേജർ മദർ അമല കിടങ്ങാഴെ മുഖ്യസന്ദേശം നൽകി.
- സാൻജോ ഓൾഡേജ് ഹോമിൽ നടത്തപ്പെട്ട ഓണാഘോഷപരിപാടികളിൽ പ്രായമായ അമ്മമാർക്കൊപ്പം AKJM School Jesuit Fathers പങ്കെടുക്കുകയും സ്നേഹവും സന്തോഷവും പങ്കുവയ്ക്കുകയും ചെയ്തു.
- പ്രൊവിൻസിലെ Social Work Leadres ന്റെ വാർഷിക സമ്മേളനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.
- ഫാ. സ്റ്റാൻ സ്വാമി എസ്. ജെ യുടെ ജീവിതസന്ദേശം ഉൾക്കൊള്ളിച്ച് കെ.സി.എം.എസ് നടത്തിയ Zoom Meeting ലും, സഭാവിശ്വാസികളെ ഭിന്നതയിലേയ്ക്കു നയിക്കുന്ന സഭാവിരുദ്ധ സംഘടനകളെക്കുറിച്ച് അവബോധം നൽകാനായി ബിഷപ് മാർ

ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട Zoom Meeting ലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

- Zoom Platform ൽ, നടത്തപ്പെട്ട Pastroal Council ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.

- ന്യൂനപക്ഷ അവകാശങ്ങൾ പാലിക്കപ്പെടുന്നതിനായി നിയോഗിക്കപ്പെട്ട ജെ.ബി കോശി കമ്മീഷൻ പ്രവർത്തനങ്ങളുടെ വിശദീകരണത്തിനായി നടത്തപ്പെട്ട Zoom Meeting ലും, സിസ്റ്റേഴ്സിനായി എസ്.ജെ ഫാദേഴ്സ് നടത്തിയ Pscho- Spiritual approach towards religious life എന്ന വിഷയത്തെപ്പറ്റി നടത്തപ്പെട്ട Zoom Meeting ലും, സിസ്റ്റേഴ്സ് സംബന്ധിച്ചു.

- FCRA Latest challenges & Development എന്ന വിഷയത്തെക്കുറിച്ച് Thalir Center സംഘടിപ്പിച്ച Zoom Meeting ൽ സി. വിനീത മാടപ്പള്ളിയും, KCMS ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട TDS on salaries paid to religious sisters, priests and borthers എന്ന വിഷയത്തെപ്പറ്റി നടത്തപ്പെട്ട Zoom Meeting ൽ ബഹു. പ്രൊവിൻഷ്യലമ്മയും സംബന്ധിച്ചു.

- മാർ ജോർജ് മഠത്തികണ്ടത്തിൽ, മാർ തോമസ് തറയിൽ എന്നിവർ നയിച്ച വൈകാരിക പക്വത സന്യാസ- അജപാലന ജീവിതത്തിൽ എന്ന വിഷയത്തെക്കുറിച്ചുള്ള An Interactive Webinar ൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

- സ്വാതന്ത്ര്യദിനം, ഓണം ഇവയോടനുബന്ധിച്ച് Jesus Fratenity യുടെ നേതൃത്വത്തിൽ പൊൻകുന്നം, കോട്ടയം, പാലാ തുടങ്ങിയ ജയിലുകളിൽ നടത്തിയ സന്ദർശന പരിപാടിയിൽ സോഷ്യൽ വർക്ക് കൗൺസിലർ സി. റ്റിൻസി വരകുകാലായിൽ സംബന്ധിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും സംയുക്തമായി ആഘോഷിച്ചു.

- 5 നോവിസസ്, കാനോനിക നൊവിഷ്യേറ്റ് പൂർത്തിയാക്കി.

- സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തോമസ് SCJG, പാസ്റ്ററൽ കൗൺസിലിൽ സംബന്ധിച്ചു.
- നോവിസസ് വിവിധ കോൺവെന്റുകളിൽ റീജൻസിക്കായി പോയി.
- കാൻസർ ബാധിതനായ രോഗിക്ക് ചികിത്സാസഹായം നൽകി.
- കോവിഡ് ബാധിച്ചു ഗുരുതരാവസ്ഥയിൽ ആയ രോഗിക്ക് തുടർചികത്സയ്ക്ക് സാമ്പത്തിക സഹായം നൽകി.
- സിസ്റ്റർ ഡോ. ജോതിസ് SCJG, സിസ്റ്റർ മോൻസി ഫ്രാൻസിസ് SCJG, എന്നിവർ മദർ ആൻഡ് ബേബി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇൻസ്റ്റിട്യൂഷന്റെ ഇന്റേണൽ അസ്സെസ്സ്മെന്റ് നടത്തുവാൻ നെടുങ്കണ്ടം താലൂക്ക് ഹോസ്പിറ്റൽ, ജീവാ ഹോസ്പിറ്റൽ, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ പോയി.
- KCMS, POC യിൽ വച്ച് മേജർ സുപ്പീരിയേഴ്സിനുവേണ്ടി നടത്തിയ സൂം മീറ്റിങ്ങിൽ സുപ്പീരിയർ ജനറൽ ബഹുമാനപ്പെട്ട സിസ്റ്റർ മേഴ്സി തോമസ് SCJG പങ്കെടുത്തു.
- സിസ്റ്റർ ഡോ. ജോതിസ് ജെയിംസ് SCJG, സിസ്റ്റർ മോൻസി ഫ്രാൻസിസ് SCJG എന്നിവർ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ new born resuscitation പ്രോഗ്രാമിന്റെ സ്റ്റാഫിന് ഓറിയന്റേഷന് ട്രെയിനിങ് നടത്തി.
- കട്ടപ്പന മുനിസിപ്പാലിറ്റി ഉച്ചഭക്ഷണം നൽകുന്ന കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണത്തിന് ബ്രദർ ഫോർത്തുനാത്തൂസ് സാരഥി അംഗങ്ങൾ സഹായിച്ചു.
- AOCIK നടത്തിയ എക്സിക്യൂട്ടീവ് സൂം മീറ്റിംഗിൽ സി. ഡെലീഷ്യ പങ്കെടുത്തു.
- NICP യുടെ നേതൃത്വത്തിൽ നടത്തിവരുന്ന കൗൺസിലിംഗിനു സെന്റ് ജോൺ ഓഫ് ഗോഡ് ഷെൽട്ടറിലെ കൗൺസിലേഴ്സ് സഹായിച്ചുവരുന്നു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ജനറലേറ്റിൽ നിന്ന് അറിയിച്ചതനുസരിച്ച് കെ.സി.എം.എസ്. ന്റെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യലമ്മയും ടീമംഗങ്ങളും പങ്കെടുത്തു.
- വിശുദ്ധ അന്നയുടെ തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു. ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് ആശംസകൾ നേർന്നു.
- ജൂലൈ 28 ന് നാമഹേതുകതിരുനാൾ ആഘോഷിച്ച ബഹുമാനപ്പെട്ട ജനറാളമ്മയ്ക്ക് പ്രൊവിൻഷ്യൽ ടീം ജനറലേറ്റിൽ പോയി ആശംസകൾ നേർന്നു.
- സി. ബ്ലസിയുടെ നിര്യാതനായ പിതാവിന്റെയും സി. ട്രീസാ അല്ലേശ്, സി. അലീന തെരേസ് എന്നിവരുടെ മാതാക്കളുടെയും മൃതസംസ്കാര ശുശ്രൂഷകളിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ അമ്മയും സിസ്റ്റേഴ്സും പ്രൊവിൻഷ്യൽ ഹൗസിൽ നിന്ന് സംബന്ധിച്ചു.
- ബഹുമാനപ്പെട്ട മദർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിച്ചു. പരിശുദ്ധ കുർബാനയ്ക്കുശേഷം ബഹുമാനപ്പെട്ട പ്രൊവിൻഷ്യലമ്മ പതാക ഉയർത്തി.
- പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ദിനത്തിൽ 2 അർത്ഥിനികളെ സായാഹ്നപ്രാർത്ഥനയോടെ ആസ്പിരൻസിയിൽ പ്രവേശിപ്പിച്ചു.
- പ്രൊവിൻഷ്യൽ ടീമിനുവേണ്ടി ജനറലേറ്റിൽ നടന്ന മീറ്റിംഗിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.

- കാരുണ്യഭവൻ പദ്ധതിയുടെ ഭാഗമായി പതിമൂന്നാമത്തെ ഭവനത്തിന്റെ താക്കോൽദാനം തമ്പലക്കാട് നടത്തി. പുതിയൊരു ഭവനം 28-ാം മൈലിൽ പണി ആരംഭിച്ചു.

- സോഷ്യൽ വർക്ക് അവലോകന യോഗം ആനിക്കാട് സെന്റ് സെബാസ്റ്റ്യൻ സോണിലും കൊല്ലമുള കുര്യാക്കോസ് ഏലിയാസ് ചാവറ സോണിലും വച്ച് നടത്തി.

- കുട്ടികളിൽ നല്ല വായനാശീലം പ്രോത്സാഹിപ്പിക്കുന്ന ജ്ഞാനോദയാ എന്ന പദ്ധതിയുടെ പുതിയ പതിപ്പായി ജ്ഞാനോദയാ ഓൺലൈൻ എന്ന പദ്ധതിക്ക് തുടക്കമായി. വാട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി കുട്ടികളിൽ പോസിറ്റീവ് ആയ ലേഖനങ്ങൾ എത്തിക്കുകയും അവയെ ആധാരമാക്കി ക്വിസ് പ്രോഗ്രാമുകൾ നടത്തുന്നതുമാണ്.

- സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി കുട്ടികൾക്കായി "അപരന്റെ സ്വാതന്ത്ര്യം എന്റെ കടമ" എന്ന വിഷയത്തിൽ പ്രസംഗമത്സരം നടത്തി. 34 കുട്ടികൾ പങ്കെടുത്തു.

- അന്താരാഷ്ട്ര യുവജനദിനത്തോടനുബന്ധിച്ചു ദർശൻ പദ്ധതിയുടെ ഭാഗമായി യുവജനങ്ങളിൽ മാനസിക പ്രശ്നങ്ങൾക്ക് ഒരു ഹെൽപ്പ് ലൈൻ ദർശൻ മൈൻഡ് ടോക്ക് ആരംഭിച്ചു. ആഴ്ചയിൽ മൂന്നു ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെയാണ് സേവനം.

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**പുതിയ മെഷിനുമായി ലാബോറട്ടറി വിഭാഗം നവീകരിച്ചു.**

**1. ABG (Arterial Blood Gas Analyser)**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ലാബോറട്ടറി യൂണിറ്റിൽ പുതിയ ABG (Arterial Blood Gas Analyser) മെഷിൻ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നു. എമർജൻസി മെഡിസിൻ, Neonatal ICU തുടങ്ങിയ ഇടങ്ങളിൽ രോഗികൾക്ക് 3 മിനിറ്റിനുള്ളിൽ തന്നെ റിസൾട്ട് ലഭിക്കും എന്നത് ഇതിന്റെ പ്രത്യേകതയാണ്. സിമൻസിന്റെ ഏറ്റവും അത്യാധുനിക മെഷിനിൽ 2 – 3 തുള്ളി രക്തം കൊണ്ട് Urea, Creatinine, Hb, PCV, Bun, Electrolysis എന്നിവ ഉൾപ്പെടെ 23 ടെസ്റ്റ് ഫലങ്ങൾ 3 മിനിറ്റിനുള്ളിൽ ലഭിക്കും.

**2. Fully Automated Hormone Analyser**

കോവിഡ് സംബന്ധമായ അസുഖങ്ങൾ വരെ വേഗത്തിൽ കണ്ടെത്താൻ സാധിക്കുന്നതാണ് ഹോസ്പിറ്റലിൽ പുതിയതായി എത്തിയ Fully Automated Hormone Analyser. ഏറ്റവും കൃത്യമായ റിപ്പോർട്ടുകൾ ലഭിക്കുന്നതും കുറഞ്ഞ സമയത്തിനുള്ളിൽ ലഭിക്കുന്നു എന്നതും ഇതിന്റെ പ്രത്യേകതയാണ്.

ഒരു മണിക്കൂറിനുള്ളിൽ തന്നെ തൈറോയിഡ് ഉൾപ്പെടെയുള്ള ടെസ്റ്റുകളുടെ റിസൾട്ട് ലഭിക്കാൻ സാധിക്കും. ആയതിനാൽ രോഗികൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ ഡോക്ടറിനെ കാണാനും ഡോക്ടർക്ക് രോഗനിർണ്ണയം നടത്താനും സാധിക്കും.

**3. C-Arm യൂണിറ്റ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ High Frequency Mobile C-Arm യൂണിറ്റ് ഇൻസ്റ്റാൾ ചെയ്തു. ഓർത്തോപീഡിയക് സർജറികൾ കൂടാതെ കാർഡിയാക് ആൻജിയോഗ്രാഫി പഠനങ്ങളിലും

സ്റ്റെന്റുകൾ, ലൈൻ പ്ലെയ്സ്മെന്റുകൾ ഉൾപ്പെടെയുള്ള ചികിത്സാ പഠനങ്ങളിലും C-Arm യൂണിറ്റ് ഉപയോഗിക്കുന്നു. ഇത് ഒരു ഓവർഹെഡ് എക്സ്റേ ഇമേജ് ആയതിനാൽ രോഗികളുടെ ശരീര ഘടനകളെക്കുറിച്ച് ഒരു തത്സമയ വ്യക്തമായ രൂപം ഡോക്ടർക്ക് ലഭിക്കും.

സ്കാൻ റേ എന്ന കമ്പനിയുടെ സ്കാൻ C എന്ന ഈ മെഷീൻ ഏറ്റവും സുരക്ഷിത C-Arm ആണ്. കൂടാതെ zero leakage radiation ആണ് ഇതിനുള്ളത്. High resolution image ലഭിക്കുന്നതുകൊണ്ട് കൂടുതൽ മികവാർന്ന ഇമേജ് ലഭിക്കുകയും ഡോക്ടേഴ്സിന് തങ്ങളുടെ രോഗ നിർണ്ണയം എളുപ്പത്തിലാക്കാനും സാധിക്കും.

Orthopaedics, Pain management & Anaesthesiology, Urology, Neurosurgery, Peripheral Vascular imaging, Gastrointestinal തുടങ്ങിയ മേഖലകളിലും ഉപയോഗിക്കാവുന്ന അതിനൂതന മെഷിനാണ് ഇപ്പോൾ ഹോസ്പിറ്റലിൽ ഉപയോഗിക്കുന്നത്.

## ലാമ്പ് ലൈറ്റിംഗ്

സ്കൂൾ ഓഫ് നേഴ്സിംഗ് എം.എം.റ്റി. ഹോസ്പിറ്റലിൽ ജനറൽ നേഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലെ 21-ാം ബാച്ചിന്റെ (2020-23) ലാമ്പ് ലൈറ്റിംഗ് ആഗസ്റ്റ് മാസം 28-ാം തീയതി നടത്തപ്പെട്ടു. എം.എം.റ്റി. ഹോസ്പിറ്റൽ സൊസൈറ്റി പ്രസിഡന്റും വികാരി ജനറാളുമായ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ വി. കുർബാന അർപ്പിക്കുകയും നേഴ്സിംഗ് സൂപ്രണ്ടന്റ് സി. ലിഡിയ കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാൾ സി. ആനി എന്നിവർ സന്നിഹിതരായിരുന്നു.

## ഓഗസ്റ്റ് മാസം ആരോഗ്യദർശകൻ

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലും ദർശകൻ സംയുക്തമായി നടത്തുന്ന ആരോഗ്യ ദർശകൻ എന്ന സംരംഭം രണ്ടാം മാസത്തിലേക്ക് കടന്നു. ഇതുവഴി ആളുകൾക്ക് തങ്ങളുടെ ആരോഗ്യസംബന്ധമായ സംശയങ്ങൾ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോക്ടേഴ്സുമായി പങ്കുവയ്ക്കാവുന്നതാണ്.

ദന്തരോഗസംബന്ധമായ സംശയങ്ങൾക്ക് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഓർത്തോഡെന്റിസ്റ്റ് ഡോ. സൂര്യ കിംഗ്സിലി ഓഗസ്റ്റ് 5-ാം തീയതി വ്യാഴാഴ്ച മറുപടി നൽകി. കുട്ടികളിലെ വിവിധ രോഗങ്ങൾ, അലർജി എന്നിവയെപ്പറ്റിയുള്ള സംശയങ്ങൾക്ക് ഓഗസ്റ്റ് 12-ാം തീയതി പീഡിയാട്രീഷൻ ഡോ. നെൽസൺ എ.ജെ. മറുപടി നൽകി.

വെരിക്കോസ് വെയിൻ, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഡോ. കിംഗ്സിലി അയ്യൻകുട്ടി ഓഗസ്റ്റ് 19-ാം തീയതി മറുപടി നൽകി. വരും ദിവസങ്ങളിൽ മറ്റു ഡോക്ടേഴ്സിന്റെ സേവനവും ആരോഗ്യദർശകനിൽ ലഭ്യമായിരിക്കും.

**കോവിഡ് വാക്സിനേഷൻ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ കോവിഷീൽഡ് കോവിഡ് വാക്സിനേഷൻ തുടരുന്നു. മലയോര മേഖലയിലെ ജനങ്ങൾക്ക് ആശ്വാസമായി ആദ്യം മുതലേ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ വാക്സിൻ നൽകി വന്നിരുന്നു. cowin.gov.in എന്ന പോർട്ടലിൽ ജില്ല ഇടുക്കി എന്ന ഓപ്ഷൻ സെലക്ട് ചെയ്ത് മുണ്ടക്കയം എം.എം.റ്റി. വാക്സിനേഷനായി തിരഞ്ഞെടുക്കാവുന്നതാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാൻ ബുദ്ധിമുട്ടുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവും ഹോസ്പിറ്റലിൽ ലഭ്യമാണ്. 780 രൂപയാണ് വാക്സിന്റെ വില. കൂടുതൽ വിവരങ്ങൾക്ക് 9446059552, 9188526399, 9446462400, 2500.

**ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്വൈഫറി കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

സ്കൂൾ ഓഫ് നേഴ്സിംഗ് എം.എം.റ്റി. ഹോസ്പിറ്റലിൽ 2021-22 അദ്ധ്യയനവർഷത്തേക്കുള്ള ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്വൈഫറി കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446463300

**ഡയാലിസിസ് രോഗികൾക്ക് സഹായം കൈമാറി**

കരിക്കാട്ടൂർ സെന്റ് ആന്റണീസ് ഇടവകയുടെ നവീന ദൈവാലയ നിർമ്മിതി ജൂബിലി വർഷാചരണഭാഗമായി മുണ്ടക്കയം മെഡി

ക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഡയാലിസിസ് ചെയ്യുന്ന നിർദ്ധനരായ രോഗികൾക്കുള്ള സഹായം കൈമാറി. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ കരിക്കാട്ടൂർ സെന്റ് ആന്റണീസ് ഇടവക വികാരി ഫാ. ജോസുകുട്ടി ഇടത്തിനകം ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി തോമസ് കന്നാലിന് സഹായം കൈമാറി. കരിക്കാട്ടൂർ സെന്റ് ആന്റണീസ് ഇടവകയിലെ പാലിയേറ്റീവ് കെയർ യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിലാണ് സഹായം സ്വരൂപിച്ചത്.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ നിർദ്ധനരായ ഡയാലിസിസ് രോഗികളെ സഹായിക്കുന്നതിനായി ആവിഷ്കരിച്ച ഹാൻഡ്സ് പദ്ധതിക്ക് സഹായവുമായി വൈ.എം.സി.എ.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഡയാലിസിസ് ചെയ്യുന്ന 35 വൃക്കരോഗികൾക്ക് ഡയലസർ മുണ്ടക്കയം വൈ.എം. സി.എ.യുടെ ആഭിമുഖ്യത്തിൽ വാങ്ങി നൽകി. വൃക്കരോഗത്തിന്റെ തീവ്രതയിൽ ദുരിതമനുഭവിക്കുന്നവർക്ക് തികച്ചും സൗജന്യമായി ഡയാലിസിസ് നടത്താൻ സൗകര്യമൊരുക്കുന്ന സ്വപ്ന പദ്ധതിയാണ് സുമനസ്സുകളുടെ സഹായത്തോടെ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ വിഭാവനം ചെയ്ത ഹാൻസ് എന്ന പദ്ധതി. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ വച്ച് നടന്ന ചടങ്ങിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ സ്വാഗതം പറഞ്ഞു. വൈ.എം.സി.എ. പ്രസിഡന്റ് ഡോ. എൻ.ഡി. ജോസഫ് ഡയലൈസർ ഹോസ്പിറ്റലിന് കൈമാറി. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ നടത്തുന്ന സേവനങ്ങളെ അദ്ദേഹം അനുമോദിക്കുകയും സി.ടി. സ്കാൻ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ചത് നമ്മുടെ നാടിന് ഏറെ പ്രയോജനകരമാണ് എന്നും അറിയിച്ചു. സാമൂഹിക പ്രവർത്തകനും വൈ.എം.സി.എ. സെക്രട്ടറിയും ആയ ബോബി മാത്യു ഹോസ്പിറ്റലിലെ ഡയാലിസിസ് രോഗികൾക്കുള്ള എല്ലാ പിന്തുണയും വൈ.എം.സി.എ. യുടെ പേരിൽ അറിയിച്ചു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

**അനുമോദിച്ചു**

ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കത്തോലിക്ക കോൺഗ്രസ് അംഗങ്ങളുടെ കുട്ടികളെ 01.08.2021–ൽ ചേർന്ന സൂം കോൺഫറൻസിലൂടെ അനുമോദിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപതാ ഡയറക്ടർ റവ. ഡോ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ആൻ മരിയ സാജൻ പ്രാർത്ഥനാഗാനം ആലപിച്ചു. ജനറൽ സെക്രട്ടറി അരുൺ ആലയ്ക്കാപ്പറമ്പിൽ, ഗ്ലോബൽ സമിതിയംഗം ടെസി ബിജു പാഴിയാങ്കൽ, സെക്രട്ടറി സിനി ജിബു നീറനാക്കുന്നേൽ, രൂപതാ സമിതിയംഗം ബാബു ടി. ജോൺ എന്നിവർ ആശംസകൾ നേർന്നു.

**പരാതികൾ അയച്ചു**

08.08.2021 ൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന രൂപതാ പ്രസിഡന്റുമാരുടെ യോഗത്തിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ പങ്കെടുത്തു. വ്യാപകമായി വരുന്ന വന്യമൃഗശല്യത്തിന് പരിഹാരം ഉണ്ടാവണമെന്നാവശ്യപ്പെട്ട് വനംവകുപ്പിന് പരാതി നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കാഞ്ഞിരപ്പള്ളി രൂപതയിലെ കോരുത്തോട്, പ്ലാച്ചേരി, റാന്നി, പത്തനംതിട്ട മേഖലകളിലെ വന്യമൃഗശല്യം നേരിടുന്ന കർഷകർ പരാതികൾ അയച്ചു.

**ഗ്ലോബൽ സമിതിയോഗം**

14.08.2021 ൽ തൃശൂർ ആർച്ച് ബിഷപ്സ് ഹൗസിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റിയിൽ കാഞ്ഞി

രപ്പള്ളി രൂപതയിൽനിന്നും ഗ്ലോബൽ സമിതിയംഗങ്ങളായ ടെസി ബിജു പാഴിയാങ്കൽ, ജെയിംസ് പെരുമാകുന്നേൽ, രൂപതാ ജനറൽ സെക്രട്ടറി അരുൺ ആലയ്ക്കാപ്പറമ്പിൽ എന്നിവർ പങ്കെടുത്തു. വിവിധ രൂപതകളിൽ ഏറ്റവും മികച്ച പ്രവർത്തന റിപ്പോർട്ടിനുള്ള അംഗീകാരം കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് ലഭിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നുള്ള ഗ്ലോബൽ സമിതിയംഗങ്ങൾക്ക് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഗവേണിംഗ് ബോർഡ് താഴെപറയുന്ന ചുമതലകൾ നൽകി. ജോമി കൊച്ചുപറമ്പിൽ (ഗ്ലോബൽ ഫിനാൻസ് സമിതിയംഗം), ടെസി ബിജു പാഴിയാങ്കൽ (ഗ്ലോബൽ സമിതിയുടെ ചാനൽ ചർച്ചകളിലേക്കുള്ള പാനൽ മെമ്പർ), ജെയിംസ് പെരുമാകുന്നേൽ (കത്തോലിക്ക കോൺഗ്രസ് തിരുവനന്തപുരം റീജിയണൽ ഓഫീസ്, കർഷക ഫോറം ഇൻ ചാർജ്), അരുൺ ആലയ്ക്കാപ്പറമ്പിൽ (ഗ്ലോബൽ സമിതി പുതുതായി ആരംഭിക്കുന്ന ഓൺലൈൻ ചാനൽ ബോർഡംഗം).

**സ്വർഗ്ഗാരോപണതിരുനാൾ - സ്വാതന്ത്ര്യദിന ആഘോഷങ്ങൾ**

കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ 15.08.2021 ഞായറാഴ്ച പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും, രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യദിനാഘോഷവും ഗൂഗിൾമീറ്റിലൂടെ ആചരിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപത വികാരി ജനറാൾ റവ. ഡോ. ജോസഫ് വെള്ളമറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. മിനി സണ്ണി മണ്ണംപ്ലാക്കൽ പ്രാർത്ഥനാഗാനം ആലപിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ, ഗ്ലോബൽ സമിതിയംഗം, ജെയിംസ് പെരുമാകുന്നേൽ, രൂപത ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ബാബു ടി ജോൺ എന്നിവർ പ്രസംഗിച്ചു.

**കർഷകദിനാചരണം**

കത്തോലിക്ക കോൺഗ്രസ് രൂപത സമിതിയുടെ നേതൃത്വത്തിൽ കർഷകദിനാചരണത്തിന്റെ ഭാഗമായി 17.08.2021 - ൽ വിവിധ

ഇടവകകളിൽ നിന്നുള്ള മികച്ച കർഷകരെ ആദരിച്ചു. കത്തീഡ്രൽ ഇടവകയിലെ എം.എം.സ്റ്റീഫൻ മടുക്കക്കുഴിയെ കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തംഗം ബിജു പത്യാലയും, ബേബിച്ചൻ പതാലിൽ (ചേന പ്പാടി)യെ കർഷകഫോറം രൂപതാ കോ-ഓർഡിനേറ്ററും കാഞ്ഞിര പ്പള്ളി സഹകരണ കാർഷികവികസന ബാങ്ക് പ്രസിഡന്റുമായ സണ്ണി ക്കുട്ടി അഴകംപ്രായിലും, മറിയമ്മ കോവൂരിനെ (കപ്പാട്) ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കലും പൊന്നാട അണി യിച്ച് ആദരിച്ചു.

കാഞ്ഞിരപ്പള്ളി ഫൊറോന പ്രസിഡന്റ് ജോസ് മടുക്കക്കുഴി ഗ്രോബാഗുകളും സണ്ണിക്കുട്ടി അഴകംപ്രായിൽ വളവും കർഷകർക്ക് വിതരണം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ട്രഷറർ ജോജോ തെക്കും ചേരിക്കുന്നേൽ, പൊൻകുന്നം ഫൊറോന പ്രസിഡന്റ് ബിജു ആല പ്പുരയ്ക്കൽ, മീഡിയ, കോ-ഓർഡിനേറ്റർമാരായ തോമസ് ചെമ്മര പ്പള്ളി, ജോബി തെക്കുംചേരിക്കുന്നേൽ, ബർക്കുമാൻസ് പൂവത്തും മൂട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി. വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിലും കർഷകദിനാചരണം നടത്തി.

**ഓണാഘോഷം**

കത്തോലിക്ക കോൺഗ്രസ് രൂപത സമിതിയുടെ ആഭിമുഖ്യ ത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 20.08.2021 ൽ പാസ്റ്ററൽ സെന്റർ അനക്സ് ഹാളിൽ ഓണാഘോഷം നടത്തി. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഓണസന്ദേശം നൽകി. പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണിക്കുട്ടി മഠത്തിനകം ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റുമാരായ രാജേഷ് ജോൺ, ടെസി ബിജു പാഴിയാങ്കൽ, വർക്കിംഗ് കമ്മിറ്റിയംഗം ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ ആശംസകൾ നേർന്നു. പരിപാടികൾക്ക് മുന്നോടിയായി അനക്സ് ഹാളിൽ കുട്ടികൾ പൂക്കളം ഒരുക്കി. തുടർന്ന് ഓണപ്പായസവും വിത രണം ചെയ്തു.

# കെ.സി.എസ്.എൽ.

- ആഗസ്റ്റ് 15-ാം തീയതി ആനിമേറ്റേഴ്സ് മീറ്റ് നടന്നു. എല്ലാ സ്കൂളുകളിലെയും ആനിമേറ്റേഴ്സ് പങ്കെടുത്തു.

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

---

## കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**"യൗസേപ്പിന്റെ കരുതൽ"**

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ ഭാഗമായി കത്തോലിക്ക കോൺഗ്രസ് രൂപത സമിതിയുടെ പ്രോഗ്രാമായ 'യൗസേപ്പിതാവിന്റെ കരുതൽ' പദ്ധതിപ്രകാരം കാഞ്ഞിരപ്പള്ളി ബേത്‌ലഹേം ആശ്രമത്തിലെ മക്കൾക്ക് തിരുവോണദിനത്തിലെ പ്രഭാതഭക്ഷണം ഓണസദ്യ, പായസം മുതലായവയ്ക്കുള്ള അരി, പയർ, പരിപ്പ്, ശർക്കര, പച്ചക്കറികൾ... തുടങ്ങിയ ഭക്ഷ്യവിഭവങ്ങൾ ആശ്രമത്തിൽ എത്തിച്ചുനൽകി. വിവിധ ഫൊറോന യൂണിറ്റ് സമിതികളുടെ സഹകരണത്തോടെ വരുംദിവസങ്ങളിൽ മറ്റുള്ള ആശ്രമങ്ങളിലും ഭക്ഷ്യവിഭവങ്ങൾ നൽകുന്നതാണ്.

**ഫാ. മാത്യു പാലക്കുടി**
**ഡയറ്കടർ**

# ഡി.സി.എം.എസ്.

- രൂപത എക്സിക്യൂട്ടീവ് യോഗങ്ങൾ ആഗസ്റ്റ് 16, 20 തീയതികളിൽ ഓഫീസിൽ വച്ച് നടത്തി.
- ആഗസ്റ്റ് 10 ന് നീതി നിഷേധത്തിനെതിരെ കരിദിനം പ്രാർത്ഥനാ ദിനമായി ആചരിച്ചു. ഭാരവാഹികൾ വൈകിട്ട് 4 മുതൽ 6 വരെ അക്കരപ്പള്ളിയിൽ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു. ഡയറക്ടർ, പ്രസിഡന്റ്, ഓർഗ്ഗനൈസർ എന്നിവർ നേതൃത്വം നൽകി.
- ഡി.സി.എം.എസ്. സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ അനുസ്മരണം കോട്ടയം വിമലഗിരി കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തി. രൂപത ഓർഗ്ഗനൈസർ ഷാജി ചാഞ്ചിക്കൽ പങ്കെടുത്തു.
- ഡി.സി.എം.എസ്. രൂപതാ ഡയറക്ടർമാർ, സംസ്ഥാന കമ്മറ്റിയംഗങ്ങൾ എന്നിവരുടെ സംയുക്ത യോഗം ഓൺലൈനായി നടത്തപ്പെട്ടു. ഡയറക്ടർ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.
- രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് 4-ാം തീയതി രൂപതാ ഡയറക്ടർ കിറ്റ് നൽകി.
- രൂപത ഡി.സി.എം.എസ്. ഇലക്ഷൻ സെപ്റ്റംബർ അവസാനം നടത്തുവാനും അതിനു മുൻപ് ഇടവകതലത്തിൽ ഇലക്ഷൻ നടത്തുവാനും തീരുമാനിച്ചു.
- ആഗസ്റ്റ് 22-ാം തീയതി ഞായറാഴ്ച ജസ്റ്റീസ് സൺഡേ ദിനം

പ്രാർത്ഥനാദിനമായി ആചരിച്ചു. അന്നേ ദിവസം ദൈവാലയങ്ങളിൽ സർക്കുലർ വായിക്കുകയും സ്തോത്രക്കാഴ്ച എടുക്കുകയും ചെയ്തു.

- സെപ്റ്റംബർ 12-ാം തീയതി ഞായറാഴ്ച രൂപതാതല നീതി ഞായർ ആചരണം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.
- രൂപതയിലെ പ്രായം ചെന്ന മുൻകാല ഡി.സി.എം.എസ്. പ്രവർത്തകരെ വീടുകളിൽ സന്ദർശിക്കുകയും ഓണക്കിറ്റ് നൽകുകയും ചെയ്തു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾ മാതാവിന്റെ സ്വർഗ്ഗാരോപണത്തിന് ഒരുക്കമായുള്ള 15 നോമ്പ് അനുഷ്ഠിക്കുകയും മാതാവിന്റെ തിരുനാൾ ആചരിക്കുകയും ചെയ്തു. ഓരോ ഭ്രാതൃത്വങ്ങളും ചെറിയ കൂട്ടായ്മകളായി പ്രാർത്ഥനകൾ നടത്തി. ഓഗസ്റ്റ് 16 മുതൽ 27 വരെ നടന്ന മെത്രാന്മാരുടെ സിനഡിന്റെ വിജയത്തിനായി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. ചില ഭ്രാതൃത്വ അംഗങ്ങൾ അരുവിക്കുഴി ലൂർദ്ഭവൻ ആശ്രമം സന്ദർശിക്കുകയും പ്രത്യേക സഹായങ്ങൾ എത്തിക്കുകയും ചെയ്തു.

സാധിക്കുന്ന സമയങ്ങളിൽ ക്രിസ്ത്യൻ മാദ്ധ്യമങ്ങളിലൂടെയുള്ള വിശുദ്ധ കുർബാനകളിലും ധ്യാനങ്ങളിലും സുവിശേഷ പ്രഘോഷണങ്ങളിലും മറ്റ് ആദ്ധ്യാത്മിക പ്രബോധനങ്ങളിലും സഭാംഗങ്ങൾ പങ്കെടുക്കുന്നതിലും ചെറുതും വലുതുമായ സഹായങ്ങൾ മാധ്യമങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിലും ശ്രദ്ധിക്കാറുണ്ട്.

സഭാംഗങ്ങളുടെ ഭ്രാതൃത്വതലത്തിലുള്ള പ്രാർത്ഥനകളും മീറ്റിംഗുകളും എല്ലാ അംഗങ്ങളേയും ഒരുമിച്ച് പങ്കെടുപ്പിച്ചുകൊണ്ട് നടത്തുവാൻ സാധിക്കാത്ത ഈ സാഹചര്യത്തിൽ സാധിക്കുന്നിടങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചെറിയ ചെറിയ കൂട്ടായ്മകളായി പ്രാർത്ഥനകളും മീറ്റിംഗുകളും നടത്തുവാൻ ശ്രദ്ധിക്കണമെന്ന് രൂപതാപ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് ഓർമ്മിപ്പിച്ചു.

അടുത്ത രൂപതാതല മീറ്റിംഗ് 2021 ഒക്ടോബർ മാസം രണ്ടാം ഞായറാഴ്ച (10-10-2021) ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ ഓഫീസിൽ കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി കൂടുന്നതാണെന്നും അറിയിക്കുന്നു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരളാ റീജിയണൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2021 ആഗസ്റ്റ് 1 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നടത്തപ്പെട്ട വനിതാ സമ്മേളനം ദേശീയ പ്രസിഡന്റ് ബ്ര. ജൂഡ് മംഗൾ രാജ് ഉദ്ഘാടനം ചെയ്തു. എഫ്.ഐ.എച്ച് കോൺഗ്രിഗേഷൻ മദർ ജനറാൾ റവ.സി. റെക്സിയാ മേരി സെമിനാർ നയിച്ചു.നാഷണൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി സി. ജോളി സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. പ്രസ്തുത സമ്മേളനത്തിൽ സിസി വനിതാ പ്രതിനിധികൾ പങ്കെടുത്തു.

ഈ കോവിഡ് കാലത്ത് വളരെയധികം ആളുകൾ സാമ്പത്തികമായും രോഗപീഡയാലും കഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണല്ലോ. ഇതു മനസ്സിലാക്കി നമ്മുടെ എസികളും കോൺഫ്രൻസ് അംഗങ്ങളും അവസരോചിതമായിവളരെയധികം സഹായം ചെയ്തുകൊണ്ടിരിക്കുന്നു എന്നു കാണുന്നതിൽ വളരെയധികം സന്തോഷമുണ്ട്. വിൻസെൻഷ്യൻ പ്രവർത്തനം രോഗികളും പാവപ്പെട്ടവരുമായവരെ സഹായിക്കുന്നതിന് മുൻകൈയെടുത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ തുടർച്ചയായി ഈ പ്രത്യേക കാലഘട്ടത്തിൽ നാം ചെയ്തിട്ടുള്ള പ്രത്യേക സഹായങ്ങളിൽ സിസിയിൽ ലഭ്യമായ വിവരങ്ങളാണ് താഴെ കാണിച്ചിരിക്കുന്നത്. പ്രത്യേകസഹായം കൂടുതലായി ചെയ്തിട്ടുള്ളവർ അറിയിക്കുന്ന മുറയ്ക്ക് അടുത്തമാസത്തെ ബുള്ളറ്റിനിൽ ചേർക്കുന്നതാണ്.

അണക്കര എസിയിൽ നെറ്റിത്തൊഴു സെ.ഇസിദോർ കോൺഫ്രൻസ് കോവിഡ് പ്രത്യേകസഹായമായി ഒരു പാവപ്പെട്ട കുട്ടിക്ക് മൊബൈൽ ഫോണും, ഒരു കുടുംബത്തിന് കമ്പ്യൂട്ടറും വാങ്ങി നൽകി.

ചിറക്കടവ് എസിയിൽ ചിറക്കടവ് സെ.ഇഫ്രേംസ് കോൺഫ്രൻസ് 25,000 രൂപയും, ചെറുവള്ളി സെ,മേരീസ് 8,000 രൂപയും ഇളങ്ങോയി ഹോളി ക്രോസ് 13,000 രൂപയും പഴയിടം സെ. തോമസ് 2,000 രൂപയും **അഞ്ചിലിപ്പ** സെ.പയസ് 3,000 രൂപയും പ്രത്യേക സഹായം നൽകി.

ഇളങ്ങുളം എസിയിൽ എ.സി. 30,000 രൂപയും പൊൻകുന്നം ഹോളി ഫാമിലി 1,60,000 രൂപയും തച്ചപ്പുഴ സെ.മേരീസ് 55,000 രൂപ യും, ചെങ്ങളം സെ.ആന്റണീസ് 40,000 രൂപയും എലിക്കുളം ഉണ്ണിമി ശിഹാ 27100 രൂപയും `വനിതാ കോൺഫ്രൻസ് 12930 രൂപയും നല്കുകയുണ്ടായി.

എരുമേലി എസിയിൽ എ.സി. 15,000 രൂപയും എരുമേലി അസം പ്ഷൻ 15,000 രൂപയും മുക്കൂട്ടുതറ സെ.തോമസ് 10,000 രൂപയും കണ മല സെ.തോമസ് 9,000 രൂപയും മണിപ്പുഴ ക്രിസ്തുരാജ് 7,000 രൂപയും കൊല്ലമുള മരിയാ ഗൊരേത്തി 5,000 രൂപയും ഉമ്മിക്കുപ്പ ലൂർദ് മാതാ 5,000 രൂപയും എരുത്വാപ്പുഴ സെ.മേരീസ് 5000 രൂപയും കുരുമ്പൻമൂഴി സെന്റ് തോമസ് 3,000 രൂപയും ഏഞ്ചൽവാലി സെന്റ് മേരീസ് 1,000 രൂപയും എസിക്കു നൽകി. ഈ തുക കോവിഡ് ബാധിച്ചു കഷ്ടത യനുഭവിക്കുന്ന 3 കുടുംബങ്ങൾക്കായി നൽകുകയും ചെയ്തു. കൂടാതെ എസി യിലെ മുക്കൂട്ടുതറ സെ.തോമസ് കോൺഫ്രൻസ് നേരിട്ട് 40,000 രൂപയും ഉമ്മിക്കുപ്പ ലൂർദ് മാതാ 20,000 രൂപയും എരു മേലി അസംപ്ഷൻ 12,000 രൂപയും എരുത്വാപ്പുഴ സെന്റ് മേരീസ് 11,500 രൂപയും നൽകി സഹായിച്ചു. പൊടിമറ്റം എസി കോവിഡ് ബാധിച്ച രണ്ടു കുടുംബങ്ങൾക്കായി 5,000 രൂപ വീതം ആകെ 10,000

രൂപ നൽകി. കാഞ്ഞിരപ്പള്ളി എസി കോവിഡ് സഹായമായി 5,000 രൂപ വീതം രണ്ടു കുടുംബങ്ങൾക്ക് 10,000 രൂപ നൽകി. മേരികുളം എസി കോവിഡ് സഹായമായി 10,000 രൂപ നൽകുകയുണ്ടായി. കട്ടപ്പന എസിയിലെ പുളിയന്മല സെ.ആന്റണീസ് കോൺഫ്രൻസ് ഒരു കുട്ടിക്ക് മൊബൈൽ ഫോൺ വാങ്ങി സഹായിച്ചു. ഈ പ്രത്യേക സാഹചര്യത്തിൽ അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുകയും അവരെയും അവരുടെ കുടുംബാംഗങ്ങളെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

1. മറിയം കത്തോലിക്കാവിശ്വാസത്തിൽ
: ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

പേജ്: 148/ പതിപ്പ്:1/ വില: 150

ക്രിസ്തീയവിശ്വാസത്തിൽ സവിശേഷസ്ഥാനമുള്ള പരിശുദ്ധമറിയത്തെക്കുറിച്ച് പഴയനിയമഗ്രന്ഥം, സഭാപിതാക്കന്മാർ, പ്രബോധനങ്ങൾ, ദൈവശാസ്ത്രപഠനങ്ങൾ എന്നിവയെ ആധാരമാക്കി ഒരുക്കിയ സമഗ്രപഠനങ്ങൾ. മരിയഭക്തി, മരിയൻതിരുനാളുകൾ, മറിയം അനുദിനജീവിതത്തിൽ തുടങ്ങി കത്തോലിക്കാവിശ്വാസത്തിൽ മറിയത്തിന്റെ സവിശേഷസ്ഥാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ആധികാരികഗ്രന്ഥം. ഈശോയുടെ അമ്മയായ മറിയത്തെക്കുറിച്ചുള്ള ആമുഖപഠനത്തോടൊപ്പം മരിയവിജ്ഞാനീയത്തിലെ സുപ്രധാന ദൈവശാസ്ത്രദർശനങ്ങളെ വായനക്കാരനു പരിചയപ്പെടുത്തുന്ന ഈടുറ്റ കൃതി.

**പുത്തൻ പതിപ്പുകൾ**

1. യുഗാന്ത്യദൈവശാസ്ത്രം : ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
2. പരിശുദ്ധകന്യാമറിയത്തിന്റെ
വിമലഹൃദയപ്രതിഷ്ഠ : പ്രൊഫ. ജോർജ്ജ് തോമസ്

**പണിപ്പുരയിൽ**

1. ലെഫ്റ്റ് റ്റു റ്റെൽ : ഇമാക്കുലീ ലിബഗിസ
വിവർത്തനം : ഫാ. ജസ്റ്റിൻ മതിയത്ത്
2. ആത്മീയതയുടെ പടവുകൾ : ഫാ. ജയിംസ് കിളിയനാനിക്കൽ
3. സൗഹൃദതാളം : ഫാ. ജിപ്സൺ ഇടപ്പുളവൻ
4. വെളിച്ചത്തിന്റെ പോരാളികൾ : ഫാ. നൗജിൻ
5. അലറുന്ന അരയന്നങ്ങൾ : വിൻസെന്റ് ആനിക്കാട്

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ 23 കേസുകൾ റിപ്പോർട്ട് ചെയ്തു. 20 കേസുകൾ ചൈൽഡ് വെൽഫെയർ കമ്മറ്റി(CWC) യിൽ സബ്മിറ്റ് ചെയ്തു. 20 കേസുകൾക്ക് കൗൺസിലിംഗ് നല്കി. 1 കേസിന് shelter നല്കുകയും ചെയ്തു.

**Case Follow - up**

ജൂൺ - ജൂലൈ മാസങ്ങളിലെ കേസുകളുടെ Follow - up കൾ നടത്തി.

**ബോധവത്ക്കരണ ക്ലാസ്**

കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മൊബൈൽ ഇന്റർനെറ്റ് ലഹരിവസ്തുക്കളുടെ ദുരുപയോഗം എന്ന വിഷയത്തെ ആസ്പദമാക്കി കോട്ടയം Child line support - ന്റെ നേതൃത്വത്തിൽ ഉമിക്കുപ്പ സെന്റ് മേരീസ് എച്ച്.എസ്. വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി ഓൺലൈൻ ബോധവത്ക്കരണ ക്ലാസ് നടത്തി. ശ്രീ. പ്രദീപ് മണിമല (ASI District Crime Record Kottayam) ക്ലാസ് നയിക്കുകയും എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി തങ്കമണി, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി മേരി സി.ജെ., വാർഡ് മെമ്പർ, ശ്രീമതി ജിജിമോൾ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചൈൽഡ് ലൈൻ സപ്പോർട്ട് കോ-ഓർഡിനേറ്റർ മിസ് ഡയാന ചൈൽഡ് ലൈനിന്റെ പ്രവർത്തനങ്ങളെപ്പറ്റി ക്ലാസ് നയിക്കുകയും ചെയ്തു. 100 പേരോളം പരിപാടിയിൽ പങ്കെടുത്തു.

കോവിഡ് ബാധിച്ച 2 കുട്ടികൾക്ക് ന്യൂട്രീഷൻ ലഭ്യമാക്കി.

**നല്ല സമറായൻ ആശ്രമ വാർഷികം**

നല്ല സമറായൻ ആശ്രമത്തിന്റെ 23-ാം വാർഷികം ആഗസ്റ്റ് 15-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. അപരന്റെ വേദനയിലും സന്തോഷത്തിലും ഉൾച്ചേർന്നുനിന്നുകൊണ്ട് ആശ്രമത്തിന്റെ വളർച്ചയിൽ താങ്ങും തണലുമായി നിന്ന ഓരോരുത്തർക്കും ആശ്രമമക്കളുടെ ഹൃദയം നിറഞ്ഞ നന്ദി. കൃതജ്ഞതാബലിയിലൂടെ എല്ലാവരും ഒത്തുകൂടി. അതിനുശേഷം നടന്ന സമ്മേളനം കേരള ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉൽഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഫാ. ജോസഫ് വള്ളമറ്റം, ഫാ. കുര്യൻ താമരശ്ശേരി, ഫാ. ഫിലിപ്പ് തടത്തിൽ, ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ എന്നിവരുടെ മഹനീയ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ആശ്രമമക്കളുടെ വിവിധ കലാപരിപാടികൾ ഇതോടനുബന്ധിച്ച് നടത്തപ്പെട്ടു. നല്ല സമറായനിൽ കൃഷി ചെയ്തിരിക്കുന്ന കാർഷിക വിളകളായ പച്ചക്കറികൾ, വിവിധ തരം പഴവർഗ്ഗങ്ങൾ എന്നിവയുടെ വിളവെടുപ്പും നടത്തപ്പെട്ടു.

**ഓണാഘോഷം**

ചെങ്കൽ ആശാനിലയം സ്പെഷ്യൽ സ്കൂളിൽ ഓണാഘോഷം നടത്തി. സ്കൂളിലെ എല്ലാ സ്റ്റാഫ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. വിവിധ പരിപാടികളും ഓണസദ്യയും ഉണ്ടായിരുന്നു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**സാന്ത്വനം 2021**

കിഡ്നി രോഗികൾക്ക് ആശ്വാസമേകുവാൻ മലനാട് ഫാർമേഴ്സ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന സാന്ത്വനം പദ്ധതിക്ക് തുടക്കമായി. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ സാന്ത്വനം പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സമ്മേളനത്തിൽ റവ. ഫാ. ബോബി മണ്ണംപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. 150 രോഗികളുടെ കുടുംബങ്ങൾക്ക് പ്രതിമാസം 3000 രൂപ വീതം ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു.

**ചികിത്സാ സഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് ആരോഗ്യസംരക്ഷണത്തിനായി മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി 2,30,000/- രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

കോതപാറ, കണയങ്കവയൽ, അണക്കര, പാറത്തോട്, ചോറ്റി, ഇടമൺ എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 8,10,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,49,100/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി – 'കരുതൽ'**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും

കിടപ്പുരോഗികൾക്കായി നടപ്പിലാക്കുന്ന കരുതൽ ജീവകാരുണ്യ പദ്ധതിയിലേയ്ക്ക് 4,07,500/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 5,16,764/- രൂപ ചിലവഴിച്ചു.

**ഇൻഫാം**

**കർഷകദിനാചരണം**

കർഷകദിനത്തോടനുബന്ധിച്ച് ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലയുടെ ആഭിമുഖ്യത്തിൽ മാർക്കറ്റിംഗ് സെൽ ഉദ്ഘാടനവും വിഭവസമാഹരണവും വിലവിതരണവും നടത്തി. സമ്മേളനത്തിനു മുന്നോടിയായി അമർ കിസാൻ ദീപം തെളിയിക്കൽ അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിയും പുഷ്പകചക്ര സമർപ്പണം ശ്രീ. ജോയി തെങ്ങുംകുഴിയും നിർവ്വഹിച്ചു. ഇൻഫാം ദേശീയ ഡയറക്ടർ ഫാ. സുനിൽ ചെറുകരക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. മാർക്കറ്റിംഗ് സെൽ ഉദ്ഘാടനം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല മാർക്കറ്റിംഗ് സെൽ പ്രസിഡന്റ് അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ സമാഹരിച്ച വിഭവങ്ങളുടെ വില വിതരണം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല മാർക്കറ്റിംഗ് സെൽ ഡയറക്ടർ ഫാ. ജെയിംസ് വെൺമാന്തറ എന്നിവർ നിർവ്വഹിച്ചു. ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരി സ്വാഗതവും, ശ്രീ. സെബാസ്റ്റ്യൻ കൈതയ്ക്കൽ നന്ദിയും പറഞ്ഞു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

### പി ഡി എസ് ഓർഗാനിക് സ്പൈസസ്

Export: ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി USA യിലേക്ക് 2 കൺസെയ്മെന്റ് വീതവും യു.കെ, ഫ്രാൻസ് എന്നിവിടങ്ങളിലേക്ക് ഓരോ കൺസെയ്മെന്റ് വീതവും നടന്നു.

### കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

കോവിഡ് പശ്ചാത്തലത്തിൽ റീജണൽ മീറ്റിങ്ങുകളും മറ്റ് ഗ്രാമതല പ്രവർത്തനങ്ങളും വീഴ്ച കൂടാതെ, കോവിഡു മാനദണ്ഡം പാലിച്ചും, ഓൺലൈൻ വഴിയായും നടത്തിപ്പോരുന്നു..

### കർഷക ഉത്പാദക സംഘം

നബാർഡും നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനും സഹകരിച്ച്, 9 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കാർഷിക ഉത്പാദക കമ്പനികൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും, ബ്ലോക്ക് തലത്തിലുള്ള അടിസ്ഥാന വിവരശേഖരണവും, രജിസ്ട്രേഷൻ നടപടികളും പൂർത്തിയായി വരുന്നു.

### പരിശീലനം നൽകി

നെടുങ്കണ്ടം, കട്ടപ്പന, കാഞ്ഞിരപ്പള്ളി, ഉാലം ബ്ലോക്കുകളിലെ FPO ഡയറക്ടേഴ്സിനും, പ്രൊമോട്ടേഴ്സിനുമായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

12/08/2021 ന് കട്ടപ്പന സെന്റ് ജോർജ് പാരിഷ് ഹാളിൽ നടത്തിയ പരിശീലന പരിപാടി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാദർ ബ്രിജേഷ് പുറ്റുമണ്ണിൽ ഉദ്ഘാടനം ചെയ്തു.

09/08/2021 ന് കാഞ്ഞിരപ്പള്ളിയിൽ വച്ച് നടത്തിയ പരിശീലന പരിപാടി നബാർഡ് DDM ഉദ്ഘാടനം ചെയ്തു.

**അവലോകന മീറ്റിംഗ്**

FPO യുടെ ജില്ലാതല അവലോകന കമ്മിറ്റി ആയ DMC യുടെ പ്രാഥമിക അവലോകന മീറ്റിംഗ് കോട്ടയം ഇടുക്കി ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. FPO കളുടെ നിലവിലുള്ള പ്രവർത്തനങ്ങൾ കമ്മിറ്റി വിലയിരുത്തി. പ്രസ്തുത മീറ്റിംഗിൽ പിഡിഎസ് നെ പ്രതിനിധീകരിച്ച് ഡോക്ടർ സിബി ജോസഫും മറ്റ് സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

**സംരംഭകത്വ പരിശീലനം**

കൂൺ കൃഷി, ആട്, തേനീച്ച, കോഴി വളർത്തൽ, എന്നീ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടവരുടെ പേര് വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**വന ജ്യോതിസ്**

പദ്ധതിപ്രദേശം: കോഴിമല ,കണ്ണംപടി, കൊമ്പുകുത്തി ട്രൈബൽ കോളനികൾ.

ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ ആക്ടിവിറ്റികൾ

| | | |
|---|---|---|
| 1. | കല്ല് കയ്യാല | : $146\,m^2$ |
| 2. | കന്നുകാലി വളർത്തൽ | : 2യൂണിറ്റ് |
| 3. | മഴവെള്ളസംഭരണി | : 2 |
| 4. | കിണർ പുനരുദ്ധാരണം | : 4 |
| 5. | കിണർ നവീകരണം | : 1 |
| 6. | വനവിഭവ ശേഖരണകിറ്റ് | : 10 |
| 7. | പരമ്പരാഗത പച്ചക്കറി കൃഷി കിറ്റ് | : 5 |

## പ്രകൃതി ഇക്കോ ഷോപ്പ്

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും, KKS വന ജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ ഉൽപ്പന്നങ്ങൾ (കാട്ടുതേൻ, വനവിഭവങ്ങൾ, നാടൻ ബേക്കറി ഉൽപ്പന്നങ്ങൾ) വിപണനം നടത്തുന്ന ഒരു ഇക്കോ ഷോപ്പ് കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ജംഗ്ഷനിൽ സെന്റ്ജോസഫ് സ്വയംസഹായ സംഘത്തിന്റെ നേതൃത്വത്തിൽ ഉദ്ഘാടനം ചെയ്തു പ്രവർത്തനമാരംഭിച്ചു.

## സാമ്പത്തിക സഹായങ്ങൾ


കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായി ഈ മാസം നൽകിയ സാമ്പത്തിക സഹായങ്ങൾ:

| | | |
|---|---|---|
| ഭവന നിർമ്മാണം | : | 150000/ |
| ഭവന പുനരുദ്ധാരണം | : | 95000/ |
| ചികിത്സാ സഹായം | : | 75000/ |
| കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി | : | 41000/ |
| മറ്റ് ധനസഹായങ്ങൾ | : | 4000/ |

## കൗൺസിലിംഗ് സേവനം

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി 33 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ടെലി കൗൺസിലിംഗ് വഴിയായി ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

## മാർ ജോസ് പുളിക്കൽ
## ആഗസ്റ്റ് 2021

1 ചിറക്കടവ് മാർ അപ്രേം മെഡിക്കൽ സെന്ററിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– പൊടിമറ്റം CSsR മൈനർ സെമിനാരിയിൽ വി. അൽഫോൻസ് ലിഗോരിയുടെ തിരുനാളിനോട് അനുബന്ധിച്ച് തിരുനാൾ സന്ദേശം നൽകി.

2–6 KCBC യുടെ ധ്യാനത്തിൽ പങ്കെടുത്തു.

3 അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ BIO - TBI യുടെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും പുതിയ Augmented Reality Lab വെഞ്ചെരിക്കുകയും digital garden ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

4 വി. വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് പൊടിമറ്റം മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

6 ഓൺലൈനിൽ LRC യുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

7 വെളിച്ചിയാനി ഇടവകയിൽ ജീരകത്ത് അന്നമ്മ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

8 സുവാറയുടെ ആഭിമുഖ്യത്തിൽ ഒരുക്കിയ സൺഡേസ്കൂൾ

അധ്യാപകരുടെ ഓൺലൈൻ സംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

- തമ്പലക്കാട് IMS ആശ്രമത്തിൽ നിര്യാതനായ ബഹു. പ്രകാശ് അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- ജെ.ബി. കോശി കമ്മീഷന്റെ പ്രാധാന്യത്തെക്കുറിച്ച് വിശകലനം ചെയ്യാൻ ഒരുക്കിയ വെബിനാറിൽ പങ്കെടുത്തു.

9 പൊടിമറ്റം സെന്റ് ഡോമിനിക്സ് കോളേജിൽ നവീകരിച്ച ലൈബ്രറിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

10 പാലപ്ര ഇടവകയിൽ നിര്യാതയായ ജയമ്മ കാഞ്ഞിരത്തിനാലിന്റെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 വിശുദ്ധ ക്ലാരയുടെ തിരുനാളിനോട് അനുബന്ധിച്ച് പൊടിമറ്റം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പാസ്റ്ററൽ ഡിപ്പാർട്ട്മെന്റ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

12 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സോഷ്യൽ ഡിപ്പാർട്ട്മെന്റ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

- Doctrinal Commission -ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

13 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

14 ഇഞ്ചിയാനി സ്നേഹദീപം ആശ്രമത്തിൽ വി. കുർബാന അർപ്പിച്ചു.

- പ്രിസൺ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ prayer മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

- ചിറക്കടവ് ഇടവകയിൽ നിര്യാതനായ ദേവസ്യ വടക്കേടത്തിന്റെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

15 ശാന്തിഗിരി സെന്റ് ജോർജ് ഇടവകയുടെ രജതജൂബിലിയോട് അനുബന്ധിച്ച് ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ച രിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

- ചങ്ങനാശ്ശേരി അതിരൂപതയുടെ ഫാമിലി അപ്പോസ്തലേറ്റ് ഒരു ക്കിയ വെബിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി.
- Couples group ഒരുക്കിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

16-27 സിനഡിൽ പങ്കെടുത്തു.

16 പാറത്തോട് എം.ഡി.എസ്. ൽ വച്ചു നടന്ന ഡയാലിസിസ് രോഗികൾക്കായുള്ള ചികിത്സാ പദ്ധതി 'സാന്ത്വനം' ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും പുതുതായി സ്ഥാപിച്ച Honey processing machine വെഞ്ചെരിക്കുകയും ചെയ്തു.

19 കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്ന സ്കൂൾ അദ്ധ്യാ പകരായ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

20 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പാസ്റ്ററൽ ആനിമേഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

24 അഞ്ചിലിപ്പ ഇടവകയിൽ നിര്യാതനായ തോമസ് കത്തലാങ്ക ലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവായത്തിലെ കർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 ഇളങ്ങുളം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

29 ഇഞ്ചിയാനി സ്നേഹദീപം ആശ്രമത്തിൽ വി. കുർബാന അർപ്പി ച്ചു.

30 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

- രൂപതയുടെ ഓൺലൈൻ പ്രീസ്റ്റ് കോൺഫ്രൻസിൽ പങ്കെടുത്തു.
- കത്തീഡ്രൽ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

28 കുമളി അട്ടപ്പള്ളം ഇടവകയിൽ നിര്യാതനായ ഷാജി ആലപ്പാ ട്ടുകുന്നേലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയ ത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

## മാർ മാത്യു അറയ്ക്കൽ

### ആഗസ്റ്റ് 2021

2–6 KCBC മെത്രാന്മാർക്കുവേണ്ടി ഓൺലൈനായി നടത്തിയ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

4 എരുമേലി അസംപ്ഷൻ ഫൊറോനാ ഇടവകയിൽ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

5 മുണ്ടക്കയം വ്യാകുലമാതാ ഫൊറോനാപ്പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

10 പാലപ്ര വിമലമാതാ ഇടവകയിൽ പരേതയായ ജയമ്മ കാഞ്ഞിരത്തിനാലിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

11 വി. ക്ലാര പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് പോത്തുപാറ സെന്റ് ജൂഡ് കുരിശുപള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 മേരികുളം സെന്റ് ജോർജ് ഇടവകയിലെ എഫ്.സി.സി. സന്യാസിനി സമൂഹം നടത്തുന്ന ക്ലെയർ നിവാസിന്റെ പുതുതായി പണി കഴിപ്പിച്ച കെട്ടിടം വെഞ്ചരിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

14 അമലഗിരി സെന്റ് തോമസ് ഇടവകയിൽ ഒരു ശിശുവിന് പ്രാരംഭകൂദാശകൾ നല്കി.

16–27 സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

18 പുത്തൻകൊരട്ടി സെന്റ് ജോസഫ് ഇടവകയിൽ ഒരു മനസമ്മതം നടത്തി.

19 ചങ്ങനാശ്ശേരി അതിരൂപതയിലെ ചമ്പക്കുളം സെന്റ് മേരീസ് ബസലിക്ക ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

21 ചങ്ങനാശ്ശേരി അതിരൂപത കോട്ടയം ലൂർദ് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.


27 കോന്നിയിൽ ഒരു വ്യവസായ സ്ഥാപനത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി.

28 ചങ്ങനാശ്ശേരി അതിരൂപത നെടുമണ്ണി ഫാത്തിമാമാതാ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## September - 2021

| Date | Programme | Place | Time |
|---|---|---|---|
| 1 | Holy Qurbana | Akkarapally | 4:00 pm |
| 2 | Sacraments of intiation | Kattappana | 11:30 am |
| 3 | Holy Qurbana | Chengalam | 6:30 am |
| 4 | Holy Qurbana | Inchiyani | 6:30 am |
| - | Sahyadri board meeting | Pastoral Centre | 3:00 pm |
| 5 | Holy Qurbana | Nallathanny | 7:00 am |
| 7 | Holy Qurbana | Ponkunnam | 7:00 am |
| 8 | Holy Qurbana | Mundakayam | 7:00 am |
| 9 | Holy Qurbana | Snehagiri Provincial House, Unnukallu | 11:00 am |
| 12 | Chapel Consecration | Kozhancherry | 10:30 am |
| 14 | Holy Qurbana | Koovappally | 6:45 am |
| 22 | Convent blessing | Meloram | 10:00 am |
| 25 | Holy Qurbana | CMC Provincial house | 6:45 am |
| 26-Oct 1 | Priest's Retreat | Online | |

# മലങ്കര സുറിയാനി കത്തോലിക്കാസഭ
# ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ ഇടയൻ
# അഭിവന്ദ്യ ജേക്കബ് മാർ ബർന്നബാസ്
## പിതാവിന്



## കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ
# ആദരാഞ്ജലികൾ

# 2021 സെപ്റ്റംബർ

## ഏലിയാ – സ്ലീവാ – മൂശ കാലങ്ങൾ

| | | |
|---|---|---|
| 1 | ബുധൻ | ഗലാ. 4:8–11, ലൂക്കാ. 12:41–48 |
| 2 | വ്യാഴം | 1 പത്രോ. 1:22–25, ലൂക്കാ. 17:20–37 |
| 3 | വെള്ളി | റോമാ. 8:18–25, ലൂക്കാ. 12:54–59 |
| 4 | ശനി | 2 പത്രോ 3:8–13, മത്താ. 13:44–51 |
| 5 | ഞായർ | ✠ ഏലിയാ സ്ലീവാ മൂശ രണ്ടാം ഞായർ<br>നിയ. 7:7–11, ഏശ. 30:18–26,<br>2 തെസ. 2:14–3:3, മത്താ. 13:1–9,18–23 |
| 6 | തിങ്കൾ | വെളി 7:9–17, മത്താ. 19:27–30 |
| 7 | ചൊവ്വ | 2 തിമോ 2:14–17a, യോഹ. 16:20–24 |
| 8 | ബുധൻ | വെളി. 12:1–6, മത്താ. 1:1–16 |
| 9 | വ്യാഴം | 2 പത്രോ 2:4–10, മർക്കോ 8:11–21 |
| 10 | വെള്ളി | 1 പത്രോ 2:19–25, ലൂക്കാ. 13:6–9 |
| 11 | ശനി | 1 പത്രോ 2:11–19, മത്താ 8:5–13 |
| 12 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ<br>നിയ. 7:12–16, ഏശ. 32:1–8,<br>ഫിലി. 1:12–25, മത്താ. 13:24–30 |
| 13 | തിങ്കൾ | ഗലാ. 5:13–15, ലൂക്കാ 8:22–25 |
| 14 | ചൊവ്വ | 1 കോറി 1:18–25, ലൂക്കാ 24:13–27 |
| 15 | ബുധൻ | 1 തെസ 4:13–18, മത്താ.24:29–36 |
| 16 | വ്യാഴം | 1 തിമോ. 1:12–17, മത്താ. 25:31–40 |
| 17 | വെള്ളി | 2 തിമോ 2:1–7, ലൂക്കാ. 4:31–37 |
| 18 | ശനി | കൊളോ 1:24–29, ലൂക്കാ. 15:1–7 |
| 19 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ നാലാം ഞായർ<br>നിയ. 8:11–20, ഏശ. 33:13–24<br>ഫിലി. 2:1–11, മത്താ. 4:12–17 |
| 20 | തിങ്കൾ | ഫിലി. 4:10–14, മത്താ 5:43–48 |
| 21 | ചൊവ്വ | ഹെബ്രാ 11:23–26, മത്താ 9:9–13 |
| 22 | ബുധൻ | 2 കോറി 13:5–10, മത്താ 21:18–22 |
| 23 | വ്യാഴം | 2 പത്രോ 2:20–22; മത്താ 11:11–19 |
| 24 | വെള്ളി | 2 പത്രോ 1:20–2:3; മത്താ 15:1–9 |
| 25 | ശനി | 1 തെസ 1:4–8; ലൂക്കാ 8:16–21 |
| 26 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ അഞ്ചാം ഞായർ<br>നിയ. 9:1–6, ഏശ. 25:1–8<br>ഫിലി 3:1–11 (3:1–14); മത്താ. 17:14–21 |
| 27 | തിങ്കൾ | 1 യോഹ 5:13–21; യോഹ 8:39–47 |
| 28 | ചൊവ്വ | തീത്തോ 2:11–14; മർക്കോ 9:42–48 |
| 29 | ബുധൻ | 2 തെസ 3:6–12; ലൂക്കാ 9:1–6 |
| 30 | വ്യാഴം | 2 തിമോ 3:1–7; മത്താ 8:1–4 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654